

പരിശുദ്ധ കന്യകയായ ഞങ്ങളുടെ നല്ലമാതാവേ! ഞങ്ങൾക്കവേണ്ടിയും ഈ വേദനപ്പെടുന്ന നിൻെറ മക്കളുടെ ആത്മാക്കൾക്കവേണ്ടിയും പ്രാൎത്ഥിച്ചരുളണമെ.

കരുണയുള്ള ഈശോ കൎത്താവേ! ശുദ്ധീകര സ്ഥലത്തിലെ ആത്മാക്കൾക്ക നിത്യാശ്വാസം കൊടുത്തരുളണമെ.

നിത്യമായ വെട്ടം അവൎക്ക പ്രകാശിക്കട്ടെ.

# കർമ്മലകുസുമം.

പുസ്തകം ൨൧.) നവംബർ. (ലക്കം ൮.


## ശുദ്ധീകരാത്മ കീൎത്തനം.

"അല്ലിയെൻറും" എന്ന രീതി.

(ശ്രീമാൻ എ. ററി. ദേവസ്സി, എങ്ങണ്ടിയൂർ.)

1. കാരുണ്യമാതാവേ! നിൻെറ കാലിണകുപ്പീടുന്നു ഞാൻ
   കന്യകയാം മേരിയമ്മേ! കാലിണകുപ്പിടുന്നു ഞാൻ.
2. ശുദ്ധീകരസ്ഥലത്തിലേററം കാഠിന്യമാം വഹ്നിതന്നിൽ
   ശുദ്ധിലഭിച്ചീടുവാനായ് മേവും നിൻപുത്രരേയോക്ക.
3. സന്തോഷേനനീവെന്തിഞ്ഞം നൽകിച്ചൊന്ന വചസ്സുകൾ
   ചിന്തിച്ചമ്മേ! സന്താപത്തെ സന്തതമകററീടണേ!
4. മന്ദവാരേയാത്മാക്കളേഞാൻ സ്വൎഗ്ഗത്തിൽ ചേക്കുമെന്ന—
   മന്ദമോദാൽ ചൊന്നവാക്ക ചിന്തിച്ചാശ്വാസം നൽകമ്മേ!
5. ആതംതുണയില്ലാഞ്ഞിട്ടു പാരം കഷ്ടപ്പെട്ടിടുന്ന
   നിൻപുത്രരെ നിൻകടാക്ഷം കൊണ്ടു പാലിച്ചീടേണമേ.

# പ്രസാധകക്കുറിപ്പുകൾ.

### സകലപരിശുദ്ധന്മാരുടെ തിരുനാൾ.

ചങ്ങനാശ്ശേരി രൂപതയുടെ അഡ്മിനിസ്ത്രേയിററർ അപ്പസ്തോലിക്ക മൊൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ, നവംബർമാസത്തേയ്ക്കു പ്രസിദ്ധീകരിച്ചിട്ടുള്ള പരസ്യലേഖനത്തിൽ നിന്നു ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നു:—

"മേല്പെട്ട കാൎയ്യങ്ങൾക്കായി നാം സൃഷ്ടിക്കപ്പെട്ടവരാണെന്നും, നിത്യവീടായ സ്വൎഗ്ഗത്തെപ്പററി ഗാഢമായി ചിന്തിക്കണമെന്നും, വിശുദ്ധന്മാരുടെ ജീവിതത്തിൽ ധ്യാനിച്ച് അവരെകണ്ടു പഠിച്ച് ഉത്തമജീവിതം കഴിക്കാതെ അവരുടെ സൌഭാഗ്യത്തിൽ നമുക്ക് ഓഹരിയുണ്ടാകയില്ലെന്നും, ശക്തിയായി നമ്മോടുപദേശിക്കുന്ന ഒരവസരമാകുന്നു ഈ തിരുനാൾ. ആകയാൽ പ്രാപഞ്ചികജീവിതത്തേയും, അതിൻെറ ക്ഷണികങ്ങളായ സന്തോഷങ്ങളേയും നിസ്സാരമാക്കിത്തീൎത്തുകൊണ്ട്, കത്തുന്നതീയുടെ ജ്വാലപോലെതന്നെ ഉന്നതത്തിൽ ദൈവത്തിങ്കലേയ്ക്കു് ആളിക്കത്തുന്ന വിലിയ ആശ നമ്മുടെ ഹൃദയത്തിലും ജനിപ്പിക്കാം."

## മരിച്ചവരുടെ ഓർമ്മ.

പ്രസ്തുത പരസ്യലേഖനത്തിൽ തന്നെ ശുദ്ധീകരാത്മാക്കളെ നാം സഹായിക്കേണ്ടതിനെപ്പററി ഇപ്രകാരം ഉൽബോധിപ്പിച്ചിരിക്കുന്നു:-

അവരെ സഹായിക്കുന്നതു് ഒട്ടും പ്രയാസമുള്ള കാൎയ്യമല്ല. നല്ലനിയോഗത്തോടുകൂടി അവൎക്കായി കാഴ്ച വെച്ചാൽ, സാധാരണ മനഃപീഡകളും, നോവു നൊമ്പരങ്ങളും, ശരീരാദ്ധ്വാനങ്ങളും എല്ലാം അവൎക്കു എത്ര ആശ്വാസം നൽകുന്നവയാണു്. ദാനധൎമ്മങ്ങൾ, ജപധ്യാനങ്ങൾ, പരോപകാരപ്രവൃത്തികൾ, ദിവ്യപൂജ ചൊല്ലിക്കുക, കാണുക, വിശുദ്ധകുർബാന ഉൾക്കൊള്ളുക എന്നീ അത്യുത്തമ മാൎഗ്ഗങ്ങൾ, മനസ്സുള്ളവൎക്കു് ഒട്ടുംവിഷമമുള്ളവയല്ല. അനുഗ്രഹക്കൊന്ത, ഹന്നാൻവെള്ളം ഇവരണ്ടും പ്രത്യേകസ്ഥാനത്തെ അർഹിക്കുന്നു. മരിച്ചവൎക്കുവേണ്ടിയുള്ള തിരുക്കൎമ്മങ്ങളിലെല്ലാം ഹന്നാൻ വെള്ളം ഉപയോഗിച്ചുകൊണ്ടു സഭാമാതാവു കാണിച്ചുതരുന്ന ദൃഷ്ടാന്തം അനുകരിച്ചു്, നാമും ഹന്നാൻവെള്ളം തളിച്ചുകൊണ്ടു് അവരെ ആശ്വസിപ്പിക്കണം. വീടുകളിൽ ഹന്നാൻവെള്ളം എപ്പോഴും ഉണ്ടായിരിക്കണം. വിശുദ്ധജലം നിലത്തുതളിക്കണമെന്നല്ലാതെ അതേസമയത്തു പ്രത്യേകമൊരു ജപവും ചൊല്ലേണമെന്നില്ല. നിത്യകുർബാന മുതലായ കടങ്ങൾ ഏററിട്ടുള്ളവർ അതിൻെറ ഗൗരവത്തെ കുറിച്ചും ചിന്തിക്കട്ടെ.



## ഒരു പുതിയ ദണ്ഡവിമോചനം.

ജപമാല പ്രാൎത്ഥന സംബന്ധിച്ചു നവമായി ഒരു പൂൎണ്ണദണ്ഡവിമോചനം പരിശുദ്ധ പിതാവു പതിനൊന്നാംപീയൂസു മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു കഴിഞ്ഞമാസത്തിൽ കല്പിച്ചനുവദിച്ചിരിക്കുന്നു. ദിവ്യകാരുണ്യത്തിൻമുമ്പാകെ- പരസ്യമായി എഴുന്നള്ളിച്ചുവച്ചിരിക്കുമ്പോഴായാലും സക്രാരിൽവച്ചു പൂട്ടിയിരിക്കുന്ന സമയത്തായാലും- ജപമാലയുടെ അഞ്ചു രഹസ്യങ്ങൾ ചൊല്ലുന്നഓരോ തവണയും പൂൎണ്ണദണ്ഡവിമോചനംപ്രാപിക്കാവുന്നതാണു. ദണ്ഡവിമോചനം ലഭിക്കുന്നതിലേക്കു കുമ്പസാരവും ദിവ്യകാരുണ്യ സ്വീകരണവും മുറപ്രകാരം കഴിക്കേണ്ടതായിരിക്കുന്നു. ഇററലിയിൽ ബൊളോഞ്ഞാ എന്ന സ്ഥലത്താണല്ലോ ജപമാലയുടെ പ്രേഷിതനായ വി. ദൊമ് നീങ്കോസ് സംസ്കരിക്കപ്പെട്ടിരിക്കുന്നതു. അവിടെ വച്ചു കഴിഞ്ഞമാസത്തിൽഇററലിയിലെ ജാതീയ ദിവ്യകാരുണ്യമഹാസഭ കൊണ്ടാടപ്പെട്ട അവസരത്തിലാണു് പരിശുദ്ധ പിതാവു ഈ ദണ്ഡവിമോചനം പ്രഖ്യാപനം ചെയ്തതു. പ്രസ്തുത മഹാജനസഭയിൽ പരിശുദ്ധ പിതാവിൻെറ പ്രതിനിധിയായി സന്നിഹിതനായിരുന്ന കാർഡിനൽ ബോഗിയാനി തിരുമനസ്സിലെ സ്വീകരണം അത്യാഡംബരപൂൎവ്വകമായിരുന്നുഎന്നു പറയപ്പെടുന്നു. പതിനായിരം കുട്ടികൾ ചേൎന്നുള്ള ഒരു ഗായക സംഘമാണു കോൺഗ്രസ്സ്ദിവസത്തേ ദിവ്യപൂജയ്ക്കു പാടിയതു്. ഒരു ലക്ഷത്തിൽപ്പരം ജനങ്ങൾ അതിൽ സംബന്ധിച്ചിരുന്നു.

# വേദപുസ്തക വ്യാഖ്യാനം.

(വെറി. റവ. ഫാദർ അലെക്സാണ്ടർ സി. ഡി.)

**വേ**ദപുസ്തകം ദൈവവചനത്തെ നമുക്കു അറിയിച്ചുതരുന്നു. ഈ വിശുദ്ധ ഗ്രന്ഥത്തിന്റെ ഓരോ ഭാഗങ്ങളും പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ എഴുതപ്പെട്ടവയാകയാൽ, അവയിൽ യാതൊരു തെറ്റുണ്ടാകുവാൻ പാടില്ല. എന്നാൽ സാധാരണ വായനക്കാൎക്കു ഗ്രഹിപ്പാൻ നിവൃത്തിയില്ലാത്ത അനേകസംഗതികൾ ഈ വിശുദ്ധഗ്രന്ഥത്തിലുണ്ടു്. അവയെ വിശദീകരിക്കുന്നതിനു തിരുസഭയുടെ മല്പാന്മാരും വേദപാരഗന്മാരും ധാരാളം വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ടു്. ഇവരുടെ ഗണത്തിൽ മാർ അപ്രേം മല്പാൻ ഒരു സൂൎയ്യനെപ്പോലെ പ്രകാശിക്കുന്നു. ഈ മഹാമല്പാന്റെ വ്യാഖ്യാനങ്ങളിൽ നിന്നു ഒരു ദൃഷ്ടാന്തം കുസുമവായനക്കാരുടെ ഉപയോഗത്തിനായി താഴെ ചേൎക്കുന്നു.

സൃഷ്ടിപ്പിന്റെ പുസ്തകം 2-ാം അദ്ധ്യായം ൧൭-ാം വാക്യത്തിൽ ദൈവം ആദത്തോടു: "നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിൽനിന്നു നീ തിന്നരുതു്; എന്തെന്നാൽ നീ അതിൽനിന്നു ഭക്ഷിക്കുന്നനാളിൽ മരിക്കും നിശ്ചയം" എന്നരുളിച്ചെയ്തു. ടി. ൩-ാം അദ്ധ്യായം ൬-ാം വാക്യത്തിൽ ആദവും ഹാവായും ഈ വൃക്ഷത്തിൽനിന്നു ഭക്ഷിച്ചതായി പറയപ്പെട്ടിരിക്കുന്നു; എന്നിട്ടും അവർ മരിച്ചില്ല; തൊള്ളായിരത്തോളം വൎഷം ജീവിച്ചതായി മറ്റുസ്ഥലത്തു എഴുതപ്പെട്ടിരിക്കയും ചെയ്യുന്നു. അപ്പോൾ 'നീമരിക്കും നിശ്ചയം' എന്ന ദൈവവചനം തെറ്റിപ്പോയോ?. ഒരുനാളുമില്ല; ദൈവവചനം സത്യമായിട്ടുനിറവേറി. എങ്ങിനെയെന്നാൽ: മരണം രണ്ടുതരമുണ്ടു്. ശരീരത്തിനുള്ള മരണമൊന്നു; ആത്മാവിന്റെ ജീവനാകുന്ന ദൈവേഷ്ടപ്രസാദം അതിൽനിന്നുമാറുമ്പോൾ ഉണ്ടാകുന്ന ആത്മീയമരണം വേറൊന്നു. ശരീരമരണത്തെക്കാൾ ഏറ്റം ഭയങ്കരമായ ആത്മീയമരണം വിലക്കപ്പെട്ട കനിതിന്ന ക്ഷണത്തിൽ സത്യമായിട്ടു നിറവേറി. അഥവാ ആദം തനിക്കു 'ചാവു്' വരുത്തുന്ന ചാവുദോഷത്തിൽ വീണു. എന്നാൽ ശരീരമരണംകൂടി സംഭവിച്ചുവെങ്കിൽ മാനുഷവൎഗ്ഗം അപ്പോൾതന്നെ അവസാനിച്ചുപോകുമായിരുന്നു. ഈ നാശം വരാതിരിപ്പാൻവേണ്ടി, വളരെ സന്താനങ്ങളെ ജനിപ്പിച്ചശേഷം അവർ മരിപ്പാൻ ദൈവം ചിത്തമായി. എന്നാൽ ശരീരമരണത്തിന്റെയും ഹേതു വിലക്കപ്പെട്ട കനിഭക്ഷിച്ചതു തന്നെയാണു്.

ഇനി മരണം മൂന്നാംതരമായിട്ടൊന്നു കൂടിയുണ്ടു്. മാനുഷന്റെ മേലംശത്തോടു മറുത്തു കീഴ്അംശം വലിയ യുദ്ധം നടത്തുന്നുണ്ടു്. ഈ കീഴ്അംശത്തിന്റെ ഓരോവിധ ദുരാശകളെ നിഗ്രഹിക്കയും അമൎത്തുകയും ചെയ്യുന്നതു (Mortificatio) ആശാനിഗ്രഹമെന്നും പരിത്യാഗമെന്നും പറയപ്പെടുന്നു. ലോകത്തിനു മരിച്ചു ദൈവത്തിനായി മാത്രം ജീവിപ്പാൻ ആഗ്രഹിക്കുന്ന സത്യക്രിസ്ത്യാനികളെല്ലാവരും ഈ ആശാനിഗ്രഹം അഥവാ പരിത്യാഗം അനുഷ്ഠിക്കേണ്ടിയിരിക്കുന്നു. "നിങ്ങൾ മരിച്ചു; നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു." (കൊളൊസ്യർ ൩. ൩.)

*

# കേരളീയ കത്തോലിക്കരുടെ രാഷ്ട്രീയ നില.

(ഓണറബിൾ. എം. രത്നസ്വാമി എം. ഏ. ബാർ അററ്ലാ. എം. എൽ. ഏ. അവർകളുടെ കോൺഗ്രസ്സ് അദ്ധ്യക്ഷപ്രസംഗത്തിൽ നിന്നു്.)

കേരളീയകത്തോലിക്കരുടെസാമൂഹ്യ കാൎയ്യങ്ങളെപ്പററി ഇതുവരെ പ്രധാനമായി പ്രസ്താവിച്ചതുകൊണ്ടു നിങ്ങളുടെ രാഷ്ട്രീയകാൎയ്യങ്ങൾ സംബന്ധിച്ചു എനിക്കു യാതൊന്നും പറയാനില്ലെന്നു നിങ്ങൾ വിചാരിക്കരുതു്. എന്നാൽ ഇതിൽ എനിക്കു രണ്ടുപ്രകാരത്തിലുള്ള വിഷമതകൾ ഉണ്ടു്. കേരളീയ കത്തോലിക്കരോടു ഒരു അപരിചിതനെന്നവണ്ണം ഞാൻ സംസാരിക്കുമ്പോൾ തന്നെ ഇൻഡ്യൻനാട്ടുരാജ്യങ്ങളായ തിരുവിതാംകൂറിലേയും കൊച്ചിയിലേയും പ്രജകളോടു ഒരു ബ്രിട്ടീഷ് ഇൻഡ്യൻ പ്രജയായിട്ടുകൂടെയും ഞാൻ സംസാരിക്കേണ്ടിയിരിക്കുന്നു. ഒരു വിദേശി താല്ക്കാലികാവശ്യം പ്രമാണിച്ചു വന്നു താമസിക്കുന്ന രാജ്യങ്ങളിലെ ഗവമ്മേൻറുകളേക്കുറിച്ചു അയാൾക്കു ഏതെങ്കിലും പറയാനുണ്ടായിരുന്നാലും അവർ എങ്ങിനെ കാൎയ്യനിൎവ്വഹണം ചെയ്യണം എന്നു പറയുന്നതിനു ഒരു പുറനാട്ടുകാരനു വേണ്ടതായ ദാക്ഷിണ്യബുദ്ധി എനിക്കു പ്രതിബന്ധമായിനില്ക്കുന്നു. എങ്കിലും രാഷ്ട്രീയജീവിത സംബന്ധമായ നിങ്ങളുടെ അവകാശലാഭത്തിനുവേണ്ടി നിങ്ങൾ ആഗ്രഹിക്കുന്നതിനോടെല്ലാം എനിക്കുള്ള അനുഭാവത്തെഇപ്പോൾ ഇവിടെവച്ചു പ്രഖ്യാപനം ചെയ്യുന്നതിനു ഞാൻ മടിക്കുന്നില്ല. ഈ രാജ്യങ്ങളിലെ ഭരണകൎത്താക്കളും ഗവമ്മേൻറുകളും ഗണ്യമായ വിധത്തിൽ അനുകമ്പ പ്രദൎശിപ്പിക്കത്തക്കവയാണു നിങ്ങളുടെ അഭിലാഷങ്ങൾ. അറിസ്റ്റോട്ടലിൻെറ അഭിപ്രായപ്രകാരമുള്ള പൂൎണ്ണവിജ്ഞാനിയായ ഭരണകൎത്താവിനെ കണ്ടെത്താമെങ്കിൽ ഏകാധിപത്യഭരണത്തോടു കിടപിടിക്കാൻ തക്ക വേറെ ഒരു ഗവമ്മേൻറും ഉണ്ടാകുന്നതല്ല. എന്നാൽ ഈ കണ്ടുപിടുത്തത്തിനുവേണ്ടി ഇതഃപൎയ്യന്തമുള്ള അന്വേഷണം ആശാഭംഗത്തിൽ കലാശിക്കയും, പ്രതിനിധിസഭകൾ മുഖേന ഭരണീയർ ഭരണകൎത്താക്കളോടു യോജിച്ചു വൎത്തിക്കേണ്ടതു ആവശ്യമാണെന്നു മനസ്സിലാകയും ചെയ്തിരിക്കുന്നു. കൊച്ചിയിലും തിരുവിതാംകൂറിലും, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ ഭൂരിപക്ഷത്തോടുകൂടിയ ഓരോ നിയമസഭകളുണ്ടെന്നു കാണുന്നതിൽ എനിക്കു സന്തോഷമുണ്ടു്.

വൎഗ്ഗീയ പ്രാതിനിധ്യമെന്ന പ്രത്യേക സമ്പ്രദായത്തെ അവലംബിക്കാതെതന്നെ നിങ്ങൾക്കു ആവശ്യത്തിനു മാത്രം പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടെന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. സ്വസമുദായാംഗങ്ങളെ തന്നെ പ്രതിനിധികളായി തിരഞ്ഞെടുക്കാൻ ശക്തിപോരാത്ത സമുദായക്കാരുള്ള പ്രദേശങ്ങളിൽ വൎഗ്ഗീയ പ്രാതിനിധ്യം അനുവദിക്കാൻ മനസ്സില്ലാത്ത തത്വവാദികളുടെ ശ്രദ്ധ ഞാൻ ഈ സംഗതിയിലേക്കു ക്ഷണിച്ചുകൊള്ളുന്നു. കൊച്ചിയിലേയും തിരുവിതാംകൂറിലേയും പബ്ലിക്കുസേർവിസ്സുകളിൽ കത്തോലിക്കൎക്കു ശരിയായ പ്രാതിനിധ്യമുണ്ടായിട്ടില്ലാത്തതിനെപ്പററി കഴിഞ്ഞ കോൺഗ്രസ്സുകളിൽ സവ്യഥം ഏതാനും നിശ്ചയങ്ങൾ ചെയ്തിട്ടുള്ളതായി ഞാൻ കാണുന്നുണ്ടു്. ഏതത്സംബന്ധമായി ഒരു മെമ്മോറിയൽ തിരുവിതാംകൂറിലെ റീജൻറുമഹാറാണിയുടെ സന്നിധിയിൽ സമൎപ്പിച്ചിട്ടുള്ളതായും ഞാൻ അറിയുന്നു. ഈ അവകാശവാദം ജോലികിട്ടാഞ്ഞിട്ടുള്ള ഒരു വെറും ബഹളമാണെ

ന്ന് സാധാരണ ഗണിക്കപ്പെടാറുണ്ട്. അർഹതയുള്ളതിലധികം ഉദ്യോഗങ്ങൾ കൈവശപ്പെടുത്തിയിരിക്കുന്ന സമുദായക്കാർ വിശേഷിച്ചു ഇപ്രകാരം കരുതുന്നതാണ്. എന്നാൽ ഭരണസംബന്ധമായ ഉദ്യോഗങ്ങൾ അധികാരസ്ഥാനങ്ങളാകുന്നു. രാഷ്ട്രീയൈക്യം പൂർണ്ണമായിട്ടില്ലാത്തതും ഭരണസമ്പ്രദായം ജനസാമാന്യത്തെ ഇത്ര അധികം ബാധിക്കുന്നതുമായ ഇൻഡ്യയെപ്പോലെയുള്ള ഒരു രാജ്യത്തിൽ വിവിധസമുദായക്കാർക്കും അവരവരുടെ അർഹതയ്ക്കൊപ്പം പ്രതിനിധികളില്ലെങ്കിൽ പ്രസ്തുത അധികാരം ദുഷ്പ്രഭുത്വമായി പരിണമിക്കാൻ വളരെ എളുപ്പമുള്ളതാണ്. വർഗ്ഗീയപ്രാതിനിധ്യത്തിനുവേണ്ടി കാര്യക്ഷമതയെ ബലികഴിച്ചുകൂടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ഭരണകാര്യക്ഷമതയ്ക്കു വളരെ സഹായിക്കുന്നതായിട്ടാണ് ഒരു രാജ്യത്തിലുള്ള എല്ലാ സമുദായക്കാർക്കും പ്രസ്തുത അധികാരസ്ഥാനങ്ങൾ വീതിച്ചുകൊടുക്കണമെന്ന് ഞാൻ വാദിക്കുന്നത്. എന്തുകൊണ്ടെന്നാൽ ഭരണവകുപ്പിനെ ഉത്തരോത്തരം നന്നാക്കണമെന്നുള്ള വിചാരത്തോടുകൂടി പരസ്പരം ദോഷങ്ങളെ തടകയും മത്സരപൂർവ്വം കാര്യങ്ങൾ നടത്തുകയും ചെയ്യുന്ന വിവിധസമുദായക്കാരുടെ പ്രതിനിധികൾ ഭരണവകുപ്പിലെ അംഗങ്ങളായിരിക്കുന്നതുകൊണ്ടുള്ളടത്തോളം കാര്യക്ഷമത മറ്റൊന്നുകൊണ്ടും ഉണ്ടാകുന്നതല്ല. ഭരണകാര്യത്തിൽ പങ്കുകൊടുക്കുന്നതുപോലെ ഒരു സമുദായത്തെ ഒരു രാജ്യത്തോടു അടുപ്പിക്കാൻ തക്കതു മറ്റൊന്നുമില്ല. പ്രസ്തുത കാര്യം സംബന്ധിച്ചുള്ള നിങ്ങളുടെ അക്ഷീണശ്രമം താമസംവിനാ സഫലീഭവിക്കുമെന്നു ഞാൻ ശരണപ്പെടുന്നു. എന്തുകൊണ്ടെന്നാൽ കൊച്ചി, തിരുവിതാംകൂർ ഗവർമ്മേൻറുകൾ കത്തോലിക്കരോടു പണ്ടേ അനുഭാവമുള്ളവരാണെന്നു സുപ്രസിദ്ധമാണ്; അവർ ഈ പേരിനെ പുലർത്താൻ സർവ്വഥാ ശ്രമിക്കുമെന്നു എനിക്കു നിശ്ചയമുണ്ട്. സ്കൂളുകൾക്കു സഹായധനം നൽകുന്നതിലും കൊച്ചി തിരുവിതാംകൂർ ഗവർമ്മേൻറുകൾ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളതാണ്. അവർ ഈ ധനസഹായം തുടർന്നുകൊണ്ടുപോകുമെന്നു ഞാൻ ശരണപ്പെടുന്നു. എന്തുകൊണ്ടെന്നാൽ വിദ്യാഭ്യാസകാര്യം പ്രൈവറ്റ് സ്കൂളുകളുടെ സഹായം കൂടാതെ ഇൻഡ്യയിൽ ഒരു ഒരു ഗവർമ്മേൻറിനും നിർവ്വഹിക്കാവുന്നതല്ല. ഈ നാട്ടുരാജ്യങ്ങളിലെ ഭരണപരിഷ്കാരങ്ങളെന്ന വിപുലവിഷയത്തെ സംബന്ധിച്ച്, ഇൻഡ്യൻ രാഷ്ട്രീയചിന്താഗതി സംയുക്തഗവർമ്മേൻറു സ്ഥാപിക്കുന്നതിലേക്കാണെന്നുള്ളതിനെ അനുസ്മരിച്ച് ഇൻഡ്യയിലെ നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷ്ഇൻഡ്യയുടെ രാഷ്ട്രീയഗതിയെ പിന്തുടരുന്നതു യുക്തമായിരിക്കുമെന്നേ ഞാൻ പ്രസ്താവിക്കുന്നുള്ളു. സാമാന്യ വിദ്യാഭ്യാസത്തിന്റെയും പൊതുജനാഭിപ്രായത്തിന്റെയും പ്രവാഹത്തെ പ്രതിരോധിക്കുന്നതിന് ഈ രാജ്യത്തിൽ ഭരണകർത്താക്കൾക്കു ഒരുക്കമില്ലാത്തപക്ഷം തങ്ങളുടെ പ്രജകൾക്കും പ്രതിനിധികൾക്കും രാഷ്ട്രീയാധികാരം അനുവദിച്ചുകൊടുക്കേണ്ട കാര്യത്തെപ്പറ്റി അവർ വിചിന്തനം ചെയ്യേണ്ടതാകുന്നു. പ്രജാധിപത്യഭരണത്തിലേക്കുള്ള ഈ പ്രസ്ഥാനത്തെ സ്വന്തഗുണത്തിനും സ്വവംശത്തിന്റെ ഗുണത്തിനും ഉതകത്തക്കവണ്ണം പ്രയോജനപ്പെടുത്തുന്ന ഒരു ഭരണകർത്താവ് ബുദ്ധിമാനാകുന്നു. നിങ്ങളുടെ രാഷ്ട്രീയ കാര്യങ്ങളെയും പ്രവർത്തനങ്ങളേയും കുറിച്ചുള്ള ഈ സംഗതിയിൽ നിങ്ങൾ, കത്തോലിക്കർ ഒരു പ്രത്യേക കക്ഷി രൂപവൽകരിക്കേണ്ടിവരുമോ എന്നുള്ളതു് സംശയഗ്രസ്തമത്രെ. കത്തോലിക്കാമതത്തെ ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിയുമായി താരതമ്യപ്പെടുത്തുന്നതു ബുദ്ധിപൂർവ്വമോ ആവശ്യമുള്ളതോ അല്ലെന്ന് ഇംഗ്ലീഷ്കത്തോലിക്കർ ഇംഗ്ലണ്ടിൽ മനസ്സിലാക്കിയിരിക്കുന്നതുപോലെയും ഞങ്ങൾക്കു ബ്രിട്ടീഷിൻഡ്യയിൽ ബോധപ്പെട്ടിരിക്കുന്നതുപോലെയും നിങ്ങൾക്കു മനസ്സിലാകുന്നതാണെന്ന് ഞാൻ വിചാരിക്കുന്നു. കത്തോലിക്കാ വ്യക്തികൾ അവരുടെ നിർദ്ദേശങ്ങൾക്കും മനോഭാവത്തിനും അനുസരണമായി

ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽ യോജിച്ചുകൊള്ളട്ടെ എന്നു വെക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കും; കേവലം കത്തോലിക്കരുടേതായ അവകാശങ്ങളെ പരിരക്ഷിക്കുന്നതിന് കേരളീയകത്തോലിക്കാമഹാജനസഭയും കോൺഗ്രസ്സും പോലെയുള്ള വ്യവസ്ഥാപനങ്ങൾ ഉണ്ടായിരിക്കുവാൻ സൂക്ഷിച്ചുകൊണ്ടാൽ മതി. എന്നാൽ ഒരു കത്തോലിക്കാ കക്ഷിയുടെ ആവശ്യം ഇല്ലാതിരിക്കാമെങ്കിലും രാഷ്ട്രീയജീവിതത്തിൽ കത്തോലിക്കാതത്വങ്ങൾ പ്രയോഗിക്കേണ്ടതു എത്രയും ആവശ്യമുള്ളതാണ്. എന്തുകൊണ്ടെന്നാൽ ലോകത്തിനു ഈ തത്വങ്ങൾ ആവശ്യമുണ്ട്. ഈ ആവശ്യം നമ്മുടെ രാജ്യത്തുള്ളതുപോലെ ലോകത്തിൽ മറെറാരു രാജ്യത്തും ഇല്ല. ആധുനിക കാലത്തെ സാമുദായികവും രാഷ്ട്രീയവുമായ സകല ചോദ്യങ്ങൾക്കും ഒരു കത്തോലിക്കാ മറുപടിയുണ്ടു. ബുദ്ധിമാന്മാർ അവയുടെ ഉൽഭവസ്ഥാനമേതെന്നറിയാതെ അവയെ ഉപയോഗിക്കുന്നു; അവയെപ്രചരിപ്പിക്കേണ്ടതോ എന്നാൽ കത്തോലിക്കരായ പൊതുകാര്യ പ്രവർത്തകന്മാരുടെ ചുമതലയാകുന്നു. സർവ്വജാതീയ സമാധാനത്തെ സംബന്ധിച്ചുള്ള കത്തോലിക്കാ മറുപടി, "സമാധാനസ്ഥാപനത്തിനുള്ള മാർഗ്ഗം സമാധാനമുണ്ടായിരിക്കാൻ മനസ്സുണ്ടാകണമെന്നും ലൌകിക വ്യവഹാരങ്ങളിൽ ക്രിസ്തുവിൻെറ ഭരണം നടത്തണമെന്നും" ഉള്ളതാണ്. രാഷ്ട്രീയ ഐക്യത്തേയും നല്ലഭരണക്രമത്തേയും കുറിച്ചുള്ള വിഷമം ഒരു സമുദായത്തിന്റേയോ രാഷ്ട്രത്തിൻെറയോ അംഗങ്ങൾ ഓരോരുത്തർ മറേറാരോരുത്തർക്കുള്ളവരാണെന്നുള്ള പ്രമാണംകൊണ്ട് അതു നീക്കികളയുന്നു. ഓരോമനുഷ്യനും അവനവനുള്ളവൻ, മററുള്ളതെല്ലാം സാത്താനുള്ളത് എന്ന അജ്ഞാനികളുടെ തത്വത്തിൻെറ സ്ഥാനത്തു അത് ഓരോമനുഷ്യനും മറേറാരോ മനുഷ്യനു വേണ്ടിയുള്ളവനെന്നും ദൈവം എല്ലാവർക്കുമുള്ളവനെന്നും ഉള്ള മാനുഷിക തത്വത്തെ സ്ഥാപിക്കുന്നു. ധനവാന്മാർ ധനം കൊടുത്തിരിക്കുന്നതു ഒരു ട്രസ്റ്റ്പോലെയാണെന്നും പരവും ആവശ്യവും എന്നനിയമങ്ങളെ നിഷ്ഠയായി പ്രയോഗിക്കുന്ന സന്ദർഭത്തിൽ ഒരു മനുഷ്യൻെറ വേലക്കുതക്ക ന്യായമായ പ്രതിഫലം കൊടുക്കേണ്ടതാണെന്നും ഉള്ള അഭിമതംകൊണ്ട് അത് ആധുനികകാലത്തെ വ്യാവസായിക സമരങ്ങൾ തടയുകയൊ കുറക്കുകയൊ ചെയ്യുന്നതാണ്. വ്യക്തികളുടെ സാന്മാർഗ്ഗികാഭിവൃദ്ധി, അതു പാർലിയമെൻറിലെ ഒരു നിയമം കൊണ്ടെന്നതിനെക്കാൾ സ്വഭാവരൂപവൽകരണത്തിൽ ആ വ്യക്തിയുടെ മനഃപൂർവ്വമായ പരിശ്രമത്തെ ക്ഷണിച്ചുകൊണ്ടു, സാധിക്കാൻ തുനിയും. മദ്യനിരോധനത്തിനായി ഒച്ചപ്പാടുണ്ടാക്കുന്ന ലോകത്തോടു, അതു ഉപദേശിക്കുന്നതു്, വ്യക്തിപരമായും സാമൂഹ്യമായുമുള്ള ശ്രമംകൊണ്ടു മദ്യപാനദോഷത്തെ നീക്കാൻ സാധിക്കുന്നിടത്തോളം നിയമം പാസ്സാക്കുന്നതുകൊണ്ട് സാധ്യമല്ലെന്നത്രെ; ഇവിടെ ഈ മീനച്ചിൽ താലൂക്കിൽ കത്തോലിക്കാമതാനുസരണമായ മദ്യവർജ്ജനശ്രമം നടക്കുന്നുണ്ടെന്നും അതിനു ഏററവും സ്പൃഹണീയ ഫലങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നെന്നും അറിയുന്നതു സന്തോഷാവഹം തന്നെ. ഇൻഡ്യയിൽ എവിടെയെങ്കിലും പ്രസ്തുത കത്തോലിക്കാതത്വങ്ങൾ വിജയപൂർവ്വം പ്രയോഗത്തിലാക്കാൻ സാധിക്കുമെങ്കിൽ അത് കേരളത്തിലെ കത്തോലിക്കരുടെ ഇടയിലാകുന്നു.

## പ്രാർത്ഥനയ്ക്കുള്ള പ്രതിബന്ധങ്ങൾ.

(റവ. ഫാദർ തോമസ് മൂഞ്ഞേലി.)

സാധാരണക്രിസ്ത്യാനികൾക്കു പ്രാർത്ഥന അത്ര എളുപ്പമുള്ളതല്ലെന്നു നിസ്തർക്കം തന്നെ. ഏതാനും വിനാഴിക നേരത്തിലധികം പ്രാർത്ഥനയിൽ ശ്ര

ശ്രദ്ധാപൂർവ്വം വിനിയോഗിക്കുന്ന കാര്യം ചിലർക്കു ബഹുപ്രയാസമുള്ളതായിത്തോന്നാറുണ്ട്. അന്യചിന്തകൾ നാനാഭാഗങ്ങളിൽ നിന്നും പ്രവഹിച്ചുകൊണ്ടിരിക്കുന്നു. അവയോടെതിർത്തു സമരം ചെയ്യുന്നതിൽ ചിലർ ശീഘ്രത്തിൽ ക്ഷീണിച്ചുപോകുന്നു. യഥാർത്ഥമായ പ്രാർത്ഥന വിശ്വാസത്തിന്റെയും ശരണത്തിന്റെയും ഉപവിയുടേയും ഒരു അഭ്യാസമാണല്ലൊ. പ്രാർത്ഥന സ്വർഗ്ഗത്തിലേയ്ക്കു ഉയരുന്നു. നമ്മൾ ഭൌമികരാകയാൽ എളുപ്പത്തിൽ ലൌകികകാര്യങ്ങളിലേക്കു ചാഞ്ഞുപോകുന്നു. അതിനാൽ പ്രാർത്ഥന ദൃഢമായ പരിശ്രമവും നിലനില്പുംകൊണ്ടു സാധിക്കേണ്ടതാകുന്നു. എന്നാൽ നല്ലവണ്ണം പ്രാർത്ഥിക്കുന്നതിനു ഹൃദയംഗമമായി ആഗ്രഹിക്കയും അപ്രകാരം പ്രവർത്തിക്കുന്നതിനു പരിശ്രമിക്കയും ചെയ്യാൽ ആർക്കും ഫലസിദ്ധിയോടേ പ്രാർത്ഥിപ്പാൻ സാധിക്കുന്നതാണ്.

"ദൈവത്തെ പരീക്ഷിക്കുന്ന മനുഷ്യനെപ്പോലെ ആകാതെ പ്രാർത്ഥനയ്ക്കു മുമ്പായി നിന്റെ ആത്മാവിനെ ഒരുക്കുക" എന്ന പ്രാസംഗികന്റെ ഉപദേശം ചിലർ തീരെ വിസ്മരിച്ചുകളയുന്നു. ഇങ്ങനെയുള്ളവർ യാതൊരു സ്മരണയും ദൈവസാന്നിദ്ധ്യത്തിന്റെ ചിന്തയും ദൈവത്തോടു അപേക്ഷിക്കാൻ പോകുന്നു എന്നുള്ള ഓർമ്മയും കൂടാതെയാണു പ്രാർത്ഥിക്കുന്നതു്. പ്രാർത്ഥനയിൽ അന്യചിന്തകൾ വരുന്നതു പലപ്പോഴും ലൌകികവ്യാപാരങ്ങളെപ്പററിയുള്ള ക്രമമററ ഉൽക്കണ്ഠമൂലവും, ഉചിതമല്ലാത്ത സംസർഗ്ഗം, സംഭാഷണം വായന മുതലായവയിൽനിന്നുമാകുന്നു. ലൌകിക വ്യവഹാരങ്ങളിൽ നിന്നു ബോധത്തെ അകററിക്കൊണ്ടു വേണം പ്രാർത്ഥനയിലേക്കു പ്രവേശിപ്പാൻ.

പ്രാർത്ഥിക്കുന്നതിനു ഹൃദയംഗമമായി ആഗ്രഹിക്കയും തദർത്ഥം പരിശ്രമിക്കയും ചെയ്യുന്ന സകലർക്കും പ്രാർത്ഥനയുടെ അനുഗ്രഹം നൽകപ്പെടാതെയിരിക്കയില്ലാ. പ്രാർത്ഥനയുടെ അനുഗ്രഹത്തെപ്പോലെ ഇത്ര സാർവ്വത്രികമായും സുലഭമായും വർഷിക്കപ്പെടുന്ന ദൈവാനുഗ്രഹം വേറെയില്ലാ. പ്രാർത്ഥനയിൽ നമ്മൾ പൂർണ്ണമായ വിജയം നേടണമെന്നു ദൈവം ആവശ്യപ്പെടുന്നില്ലാ. വിജയം അവിടത്തെ സ്വന്ത ഇഷ്ടദാനമാണു. അവിടത്തെ അനുഗ്രഹത്തോടുള്ള നമ്മുടെ സഹകരണവും നല്ലവണ്ണം പ്രാർത്ഥിപ്പാൻ നിരന്തരമായ പരിശ്രമവുമാണു ദൈവം പ്രധാനമായി നമ്മിൽനിന്നും ആവശ്യപ്പെടുന്നതു. നമ്മുടെ പ്രയത്നം ഹൃദയംഗമമായതാണെങ്കിൽ ആ പ്രയത്നംകൊണ്ടുതന്നെ ദൈവം സംതൃപ്തിപ്പെടുന്നു. ആകയാൽ നമ്മൾ ശരിയായി പ്രാർത്ഥിപ്പാൻ പരിശ്രമം ചെയ്തിട്ടുണ്ടെങ്കിൽ, നമ്മുടെ പ്രാർത്ഥന അതിനാൽ തന്നെ ഭംഗിയായിട്ടുണ്ടെന്നു സമാധാനിക്കാം. എന്തുകൊണ്ടെന്നാൽ അതു ദൈവസന്നിധിയിൽ പ്രസാദപ്പെട്ടിട്ടുണ്ട്.

സാധാരണയാളുകൾക്കു പ്രാർത്ഥനയിലുള്ള പ്രധാന പ്രതിബന്ധം അശ്രദ്ധയും അന്യചിന്തകളുമാണു. അന്യചിന്തകൾ മനഃപൂർവ്വമുള്ളവയല്ലെങ്കിൽ അവ പാപകരമല്ലെന്നു പ്രഥമത നമ്മൾ അറിഞ്ഞിരിക്കേണ്ടതാകുന്നു. പ്രാർത്ഥനയിൽ ശ്രദ്ധയും അന്യചിന്തകളോടുള്ള പോരാട്ടവും അപരിത്യാജ്യമാണു. എന്നാൽ നമ്മൾ സകല മുൻകരുതലുകളും പരിശ്രമവും ചെയ്തിട്ടും വീണ്ടും അവ നമ്മളെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ നമ്മൾ ക്ഷമാപൂർവ്വം പെരുമാറണം. പ്രാർത്ഥിക്കുമ്പോൾ നമ്മൾ തനിച്ചല്ലാ പ്രാർത്ഥിക്കുന്നതു എന്നുള്ള സ്മരണ വലിയ ആശ്വാസത്തെ പ്രദാനം ചെയ്യുന്നുണ്ട്. ഒരു നല്ല ക്രിസ്ത്യാനി പ്രാർത്ഥിക്കാനായി മുട്ടുകുത്തുമ്പോൾ പിശാചു വിറയ്ക്കുന്നു എന്നു പറയപ്പെടുന്നു. അതേ—പിശാചു വിറയ്ക്കുന്നു. എന്തുകൊണ്ടെന്നാൽ സകല വാനാരൂപികളും പരിശുദ്ധരും ഈശോയുടെ മഹാമാതാവും തന്റെ മണവാട്ടിയായ പരിശുദ്ധ കത്തോലിക്കാസഭയും നമ്മുടെ സ്വർഗ്ഗീയ ഭവനത്തിൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥം പറയുന്ന പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ ക്രിസ്തുതന്നെയും പ്രാർത്ഥന സമയത്തു നമ്മോടുകൂടെ സഹായത്തിനായുണ്ട്.

## മലയിലെപ്രസംഗം. (തുടർച്ച)

(മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.)

"നരൻ സദാസജ്ജനനികായമോടുനിർ—
ഭരം പ്രിയം കരുതുവതത്ര കാര്യമോ?
പരത്തിനേപ്രതി നിനവററദുഷ്ടർ തൻ
നിരസ്സു മീ നടപടിയുണ്ടു കൃത്യമായ്.

"തിരിച്ചു നിൻ സഹജരെ നീ മുറസ്സുസൽ—
ക്കരിക്കിലെന്തതു ഖലരും നടത്തിടും;
വരിഷ്ഠനാം പരമപിതാവിനൊപ്പമായ്
സ്ഫുരിക്കവിൻ ഗുണനിരമൂലമേവരും.

"പരസ്തുതിക്കഭിരുചികാട്ടി നിൻഗുണം
പരസ്യമാം വിധമതു നീ നടത്തിയാൽ
വരപ്രദൻ പരമപിതാവിനന്തിക—
ത്തൊരല്പവും പ്രതിഫലമില്ല നിശ്ചയം.

"പ്രശംസയിൽക്കൊതിയൊടുമൂഢഭക്തരാം
നൃശംസർപോൽത്തെരുവുകളിൽപ്രസിദ്ധമായ്
ഭൃശം ധനം കൃപണജനത്തിനേകിലും
യശസ്സൊഴിഞ്ഞവന്ന ഫലം ചുരുക്കമാം.

"രഹസ്യമായഗതി ഗണത്തിനന്യമാം
സഹസ്തവും ലവമറിയാതതുതകിയാൽ
മഹസ്സെഴും ദിവിലയമററ ഭാവുകം
സഹർഷമാനരനരുളും പരാപരൻ.

ജനങ്ങളാൽ പുകഴവതിന്നതെല്ലനീ
നിനച്ചിടാതറയിലണഞ്ഞു ഗോപ്യമായ്
അനന്തനീശ്വരനൊടപേക്ഷ ചെയ്കിലോ
മനംതെളിഞ്ഞരുളിടുമീശ നീപ്സിതം.

"അനല്പമാം ധ്വനി തവയാചനസ്സു വേ—
ണ്ടനഗ്ഗളം പരനറിയുന്നിതൊക്കെയും;
മനസ്സിലാദരഭരമോടു മീശനേ—
നിനച്ചിരന്നിടുകിതുപോലെ മേലിൽ നീ

"ത്രിവിഷ്ടപസ്ഥിത! മമതാത! നിൻെറപേർ
പവിത്രമായ് ത്തവ തിരുരാജ്യമെത്തണം;
ദിവിപ്രഭോ! തവ ഹിതമെപ്രകാരമോ
ഭവിക്കണം ധരയിലുമാവിധത്തിലായ്."

"ദിനം ദിനം തരികടിയാൾ ഭോജനം;
വിനസ്സു ഞങ്ങളിലിടമേകുമാരൊടും
അനല്പമൻപൊടുനിയതം ക്ഷമിക്കമീ—
ജ്ജനങ്ങൾ തൻപിഴകളെ നീപൊറുക്കണം.

"അടുത്തിടും പലതരമാം പരീക്ഷയിൽ
പെടുന്നതിന്നനുവദിയാതനാരതം
കെടുത്തിടും പിഴകളിൽനിന്നു ഞങ്ങളെ—
ത്തടുത്തു കാത്തരുളീടണം വിശിഷ്ടനീ"

"ക്ഷമിച്ചു നീ പരരുടെ കുററമെങ്കിലോ
ക്ഷമിച്ചിടും പരമപിതാവു നിന്നൊടും
ക്ഷമിച്ചതില്ലവരൊടുതെന്നിരിക്കിലോ
ക്ഷമിച്ചിടാ ജനകനുമില്ല സംശയം.

"ധരിക്കണം ജനഗണമെന്നു മാനസേ
സ്മരിച്ചിടാതധികമടക്കമോടുനീ
വരിഷ്ഠമായിടുമുപവാസകമ്മമാ -
ചരിക്കുകിൽപ്രതിഫലമീശനേകിടും.

"ധരിത്രിയിൽ തവനിധിവെച്ചിടായ്ക നീ,
ഹരിച്ചിടാമതിശഠരായ ചോരരാൽ
അരിച്ചിടാമതു ചിതലിൻ ഗണത്തിനാൽ
സ്ഫുരിച്ചിടും നിറമകലാംതുരുമ്പിനാൽ.

"ഒരല്പവും പഴതണയാത്തവാനിലാ—
ദരത്തൊടും നിധിനിരസംഭരിക്കനീ;
നിരന്തരം നിധിമരുവുന്നിടത്തുതാൻ
നരക്കെഴും ഹൃദയവുമാവസിച്ചിടും.

## ഫലപ്രദമായി ദിവ്യപൂജ കാണാനുള്ള മുറ. (തുടർച്ച)

(ക. നി. മൂ. സ. അബ്രേം പട്ടക്കാരൻ)

കുബ്ബാനകാണുന്നസമയത്തുനമുക്ക ചെയ്യാൻ പട്ടുള്ളതിൽ ഏററം ശ്രേഷ്ഠമായുള്ള സുകൃത കൃത്യം പട്ടക്കാരനോടുകൂടി ബലി സമർപ്പിക്കുന്നതാകുന്നു. ഇങ്ങനെ ചെയ്യാഞ്ഞാൽ വേണ്ട വിധം കുബ്ബാന കാണുന്നു എന്നു പറവാൻ പാ

ടില്ല, എന്നു മാത്രമല്ല അതിൽനിന്നു കിട്ടേണ്ട വിശേഷ അനുഗ്രഹങ്ങളും ലഭിക്കുന്നതല്ല. വി. കുർബാന കണ്ടുന്നതു അവിടെ സന്നിഹിതനായിരിക്കുന്നതിലും ചില പ്രത്യേക പ്രാർത്ഥനകൾ ചൊല്ലുന്നതിലും അല്ല അടങ്ങിയിരിക്കുന്നതു് എന്നു നാം നല്ലവണ്ണംമനസ്സിരുത്തി ആലോചിക്കണം. ബലി സമർപ്പിക്കുന്ന പട്ടക്കാരനോടുകൂടി സഹപുരോഹിതന്മാരെന്നപോലെ അതിനെ പിതാവായ ദൈവത്തിനു സമർപ്പിക്കുന്നതിൽ „കുർബാന കാൺക" എന്നു നാം സാധാരണ പറഞ്ഞു വരുന്നതിൻെറ സാക്ഷാൽ വിവക്ഷയും അർത്ഥവും ഇരിക്കുന്നു. ഇങ്ങനെ എല്ലാ വിശ്വാസികളായ പുരുഷന്മാൎക്കും സ്ത്രീകൾക്കും കൊച്ചു കുട്ടികൾക്കും പട്ടക്കാരൻെറ കൈകളുടെ സഹായത്താൽ പൂജ സമർപ്പിക്കാവുന്നതാകുന്നു. വേദശാസ്ത്രിയായ ഫൊരെണ്ണുരുസ്സ് പറയുന്നതായതു്; വൈദികന്മാർ മാത്രമല്ല നിങ്ങൾക്കു വേണ്ടിയും അന്യന്മാൎക്കുവേണ്ടിയും ബലി സമർപ്പിക്കുന്നതു, നിങ്ങളും എല്ലാ വിശ്വാസികളും ആകുന്നു. നിങ്ങളുടെ ജീവിക്കുന്നവരും മരിച്ചവരുമായ സ്നേഹിതന്മാൎക്കുവേണ്ടി നിങ്ങൾക്കു തന്നെ പൂജ അൎപ്പിക്കാം.

"ആഹെ സല്ലാവൂഅലൈ" എന്ന പ്രാർത്ഥനയിൽ പട്ടക്കാരൻ "എൻെറ കരങ്ങളാൽ ഈ കുർബാന നിവൎത്തിക്കപ്പെടുവാൻവേണ്ടി, സഹോദരന്മാരെ, എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ" എന്നു പറഞ്ഞുകൊണ്ടു വിശ്വാസികളുടെ സഹായം യാചിക്കുന്നു. വീണ്ടും ഇടമണി കൊട്ടിയശേഷമുള്ള ഗൌരവമേറിയ ഒരു പ്രാർത്ഥനയിൽ പട്ടക്കാരൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു. "ഈ സമയത്തു അങ്ങേ സന്നിധിയിൽ കൂടിയിരിക്കുന്ന അങ്ങേ .... എളിയ ദാസന്മാരായ ഞങ്ങൾ..... ഞങ്ങളുടെ കൎത്താവും രക്ഷിതാവുമായ ഈശോമ്ശിഹായുടെ കഷ്ടാനുഭവത്തിൻെറയും മരണത്തിൻെറയും അടക്കപ്പിൻെറയും ഉയൎപ്പിൻെറയും മഹനീയമായും ഭയാനകമായും, പരിശുദ്ധമായും രക്ഷാകരമായും ദൈവികമായുമുള്ള ഈ രഹസ്യത്തെ (കുർബാനയെ) ഓൎപ്പിക്കയും അനുഷ്ഠിക്കയുംചെയ്യുന്നു." ഇതും ഇതുപോലുള്ള മറ്റു ഭാഗങ്ങളും വിശുദ്ധ കുർബാനസമർപ്പിക്കുന്നതിൽ വിശ്വാസികളെല്ലാവരും പട്ടക്കാരനോടുകൂടെ കൂട്ടുകാരാകുന്നു എന്നു സ്പഷ്ടമായ് കാണിക്കുന്നില്ലയോ?

ആകയാൽ ദിവസം പ്രതി വി. കുർബാനയ്ക്കു ഭക്തിപൂർവ്വം സന്നിഹിതരായി ഏററം വലിയ എളിമയോടുകൂടെ ഇതിനെ നിങ്ങൾ ദൈവത്തിൽ സമർപ്പിപ്പിൻ. ഒരേ സമയത്തു പലകുർബാനകൾ കാണ്മാൻ സാധിക്കുമെങ്കിൽ കുർബാനയുടെ ഫലങ്ങളെ ഏററം സംപൂൎണ്ണമായി കൈക്കൊള്ളുവാൻ നിങ്ങൾക്കു സാധിക്കും. എന്തെന്നാൽ ഓരോ പീഠങ്ങളിലും മിശിഹാ നിങ്ങൾക്കുവേണ്ടി തന്നെത്തന്നെ സമർപ്പിക്കുന്നു. ദൈവമേ പട്ടക്കാരൻെറ കൈകളാൽ അങ്ങേ പ്രിയപുത്രനെ അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു, എന്നു നിങ്ങൾ പറകയിൽ എന്താണു ദൈവത്തിനു നാം സമർപ്പിക്കുന്നതെന്നു നല്ലവണ്ണം ചിന്തിക്കണം. പൂജ്യനായ മാർററിൻകൊശ്ശേൻപറയുന്നതായതു്. "വിശ്വാസികൾ ലോകമൊക്കയും അതിൻെറ സൎവ്വ നിക്ഷേപങ്ങളുമെന്നവയെക്കാൾ അധികം വിലപിടിക്കുന്ന അമൂല്യമായ ഒരു ദാനത്തെ സൎവ്വശക്തനായ ദൈവത്തിന്നു അൎപ്പിക്കുന്നു. ആകാശങ്ങളേയും അവയുടെ അപരിമിത സമ്പത്തുകളേയും അതിശയിക്കുന്ന അത്ര വിലയുള്ള നിക്ഷേപത്തെ അവർ അങ്ങേക്കു കാഴ്ച അണക്കുന്നു. ഓ! വിശുദ്ധ കുർബാനയിൽ വിശുദ്ധ ത്രീത്വത്തിന്നു എത്ര വിലമതിച്ചുകൂടാത്ത ദാനത്തെ— നാം സമർപ്പിക്കുന്നു എന്നു നല്ലവണ്ണം ഓൎക്കേണ്ടതാകുന്നു. വിലയേറിയ അനുഗ്രഹങ്ങളെ പ്രാപിക്കുന്നതിന്നും ശുദ്ധീകരാത്മാക്കളെ രക്ഷിക്കുന്നതിനും അജ്ഞാനികളെയും പാപികളെയും മാനസ്സാന്തരപ്പെടുത്തുന്നതിനും ഏററം ശക്തിമത്തായ ഈ മാൎഗ്ഗം അനുദിനം ഉപയോഗപ്പെടുത്തുന്നതിനും ഫലപ്രദമാക്കുന്നതിനും വിശ്വാസികൾ ജാഗരൂകന്മാരായിരിക്കേണ്ടതാകുന്നു.

# ചൈനായിലെ രക്തസാക്ഷി.

(ശ്രീമാൻ എൽ. സി. ഐസക്ക് ബി. ഏ.)

മെക്ക്സിക്കോയിലേപ്പോലെ ചൈനായിൽ മതപീഡനം നിബന്ധമായി സ്വീകരിച്ചിട്ടില്ലെങ്കിലും ചിലസ്ഥലങ്ങളിൽ ക്രസ്ത്യാനികളെ ദ്രോഹിക്കുന്നതിനു ലഹളക്കാരായ ജനങ്ങൾ എപ്പോഴും സന്നദ്ധരായിരിക്കയായാണു്. വിദേശികൾക്കെതിരായുള്ള ബഹളം ഈയിടെ ചൈനായിൽ മൂർദ്ധന്യാവസ്ഥയിലെത്തിയിരുന്നപ്പോൾ പല കത്തോലിക്കാ സ്ഥാപനങ്ങളും വൈദികരും അത്യധികം ഞെരുക്കപ്പെടുകയുണ്ടായി. ഈ അവസരത്തിൽ ശത്രുക്കളുടെ കൈയിലകപ്പെട്ട രക്തസാക്ഷിയായി മരണം പ്രാപിച്ച ഫാദർ ജോസപ്പ് ഹെൻ എന്ന വൈദികൻെറ മരണവൃത്താന്തം ചൈനായിലെ ഒരു ഇററാലിയൻ മിഷ്യനറിയായ ഫാദർ റസ്സോ എഴുതിയിരിക്കുന്നു.

ഫാദർ ഹെൻ ചൈനാക്കാരനും 35 വയസ്സുമാത്രം പ്രായമുള്ള ഒരു യുവവൈദികനുമായിരുന്നു. ലഹളക്കാലത്തു ഞായറാഴ്ചതോറും ചൈനായിലെ പല പട്ടണങ്ങളിലും അക്രൈസ്തവരായ വിദ്യാർത്ഥികൾ കൂട്ടംകൂടി ബഹളങ്ങൾ നടത്തിവന്നിരുന്നു. ഒരു ദിവസം ഇവർ വാൻആൻ എന്നസ്ഥലത്തെ കത്തോലിക്കാ ദേവാലയം കൊള്ളയിടുന്നതിനു ശ്രമിക്കയും ദേവാലയത്തിൻെറ ചുററുംകൂടി ഓരോ അക്രമപ്രവൃത്തികൾ ചെയ്യുകയുമുണ്ടായി. ആത്മസംരക്ഷണത്തിനു മററുമാർഗ്ഗമില്ലെന്നുകണ്ടു ഫാദർഹെൻ പോലീസിൻെറ സഹായം അന്വേഷിക്കതന്നെയെന്നു നിശ്ചയിച്ചു. പോലീസുസ്റ്റേഷ്യനിലേക്കുള്ള വഴി മദ്ധ്യേ അക്രമികളായ ആ യുവാക്കന്മാർ അദ്ദേഹത്തേയും കൂടെയുണ്ടായിരുന്ന അദ്ദേഹത്തിൻെറ വേലക്കാരനേയും പിടികൂടി കയറുകൊണ്ടുകെട്ടി പരസ്യമായഒരുസ്ഥലത്തു തൂക്കിയിട്ടു. ഫാദർ ഹെൻ ഇങ്ങനെ മഹാദുഃഖം അനുഭവിക്കുമ്പോൾ ശത്രുക്കൾ ക്രിസ്തീയ സഭയെ ആക്ഷേപിച്ചു പ്രസംഗങ്ങൾ നടത്തുകയും ദേവാലയം കൊള്ളയിടുകയും ചെയ്തിരുന്നു.

ഇതിൻെറശേഷം രണ്ടുതോണികളിലായി അനേകം വിദ്യാർത്ഥികളും പ്രൊഫസ്സറന്മാരും സോവിയററു രാജ്യകാര്യതന്ത്രജ്ഞന്മാരുംകൂടി ഫാദർഹെൻവിനേയും കൂട്ടുകാരനേയും വിസ്താരത്തിനായി കൊണ്ടുപോയി. വിസ്താരത്തിൻെറ ഫലമെന്തായിരിക്കുമെന്നു നേരത്തെ നിശ്ചയിക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല. വിസ്താരത്തിൽ തങ്ങൾ യാതൊരു കുററവുംചെയ്തിട്ടില്ലെന്നു മൊഴികൊടുത്ത വൈദികനേയും വേലക്കാരനേയും കഠിനമായി ദേഹോപദ്രവം ഏല്പിച്ചു. ഒടുവിൽ നടക്കുവാൻ പാടില്ലാത്തവണ്ണം അവശരായ അവരെ കെട്ടിവലിച്ചു ബന്ധനത്തിൽവച്ചുകൊണ്ടു ക്രസ്തീയവിശ്വാസം ഉപേക്ഷിക്കുവാൻ ആജ്ഞാപിച്ചു.

തൻെറ ദുഃഖാനുഭവത്തിൻെറ അന്ത്യവസാനം ഫാദർഹെൻ ഭക്തിപൂർവ്വം മിശിഹായുടെ തിരുനാമം ഉച്ചരിച്ചുകൊണ്ടിരുന്നു. ഭാഗ്യവശാൽ കൊടുങ്കാററും മഴയും ആസന്നമായിരുന്നതിനാൽ കൂടുതൽ സമയത്തേക്കു പീഡനം നടത്താതെ പെട്ടെന്നുതന്നെ ഫാദർ ഹെൻവിനെയും കൂട്ടുകാരനെയും നിഗ്രഹിച്ചുകളയാമെന്നു അധികാരികൾ തീരുമാനിച്ചു. മരണത്തിനു അല്പം മുൻപു രക്തസാക്ഷിയായ ഈ വൈദികൻ ഫാദർ റസ്സോയ്ക്കു ഇങ്ങനെ എഴുതിയിരിക്കുന്നു. "എൻെറ ദൈവത്തോടും ക്രസ്ത്യാനികളോടും എനിക്കുള്ളസ്നേഹം നിമിത്തം ഈ ദുഷ്ടന്മാർ എന്നെ പിടികൂടിയിരിക്കുന്നു. ഏപ്രിൽ 18-ാംനു-യിലെ ഒരു രാത്രിയിൽതന്നെ രണ്ടുപ്രാവശ്യമായി അവർ അൻപതടിവീതം എന്നെ അടിച്ചു. പ്രിയഅച്ചാ അങ്ങു് എന്നെഓർത്തു ദുഃഖിക്കരുതു്. ര

ക്ഷസാക്ഷിയായി മരിക്കുന്നതിനു ഞാൻ സന്നദ്ധനായിരിക്കയാണ്. എനിക്കു മനഃശക്തിയും ആത്മബലവും തരുവാൻ വിശ്വാസികൾ എനിക്കുവേണ്ടി പ്രാർത്ഥിപ്പാൻ അച്ചൻ ആജ്ഞാപിക്കണം. ഞാൻ ഇപ്പോൾത്തന്നെ മരിക്കുന്നെങ്കിൽ അവരെ സ്വർഗ്ഗത്തിൽവച്ചു നിത്യസന്തോഷം അനുഭവിക്കുമ്പോൾ കണ്ടുകൊള്ളാം."

കൊലക്കളത്തിലേക്കുള്ള വഴിയിൽ നമ്മുടെ വൈദികൻ 'ഈശോമറിയം യൌസേപ്പ്' എന്നസുകൃതജപം ഇടവിടാതെ ചൊല്ലിക്കൊണ്ടിരുന്നു. തൻെറ അടുത്തുണ്ടായിരുന്ന ന്യായാധിപൻെറ പക്കൽ ഫാദർഹൌ സങ്കടങ്ങൾ ബോധിപ്പിച്ചപ്പോൾ അയാൾ അദ്ദേഹത്തിൻെറ വസ്ത്രങ്ങൾ വലിച്ചുകീറുകയാണുചെയ്തതു്. അവസാനമായി ഫാദർ ഹൌ ദിവ്യരക്ഷകൻെറ തിരുനാമം ഉച്ചരിച്ചുനിന്നുകൊണ്ടു വെടിയേററു മരണംപ്രാപിച്ചു. വേലക്കാരനെ വെടിവെച്ചെങ്കിലും അയാൾ ഉടൻതന്നെ മരിക്കാഴികയാൽ ജീവനോടു കൂടെ കഴിച്ചിട്ടുകളഞ്ഞു.

## മനോഗുണപ്രവൃത്തികളുടെ മാഹാത്മ്യം.

(റവ. ഫാദർ ജോസഫ് കൊട്ടപ്പന.)

"എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നില്ല. എനിക്കു ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നില്ല. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സന്ധിച്ചില്ല. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല. ഞാൻ രോഗിയും കാരാഗൃഹവാസിയുമായി. എന്നാൽ നിങ്ങൾ എന്നെ സന്ദർശിച്ചുമില്ല."

(മത്തായി 25. 42)

'സാധുക്കളുടെ സംരക്ഷക' എന്നനാമധേയത്തിനു ഹംഗറിയിലെ വിശുദ്ധ എലീസബത്തു രാജ്ഞി സർവ്വപ്രകാരേണയും പാത്രീഭൂതയത്രെ. രാജോചിത ബഹുമതികളെ നികൃഷ്ടമായി കരുതിക്കൊണ്ടായിരുന്നു ഈ രാജ്ഞിയുടെ സാധുജനശുശ്രൂഷ. ഈ പെരുമാററം സ്വഭർത്താവായ ലൂയിസു രാജാവിൻെറയും 'അമ്മാവിയമ്മ'യായ സോഫിയായുടെയും നീരസത്തിനു പലപ്പോഴും പാത്രീഭവിച്ചിരുന്നു. എങ്കിലും മഹാമനസ്കതയുടെയും ഭൂതദയയുടെയും 'മനുഷ്യാവതാര'മായിരുന്ന ഈ വിശുദ്ധരാജ്ഞി രോഗാതുരന്മാരായ അഗതികളിലും നിസ്സഹായരായ സാധുക്കളിലും ക്രിസ്തുവിൻെറ പ്രതിഛായയെ സമീക്ഷിച്ചുകൊണ്ടു 'ഏററവും ചെറിയവരായ ഇവരിൽ ഒരുത്തനു നിങ്ങൾ ചെയ്യുപ്പോഴൊക്കെയും ഇനിക്കു ചെയ്തുവെന്നു സത്യമായി നിങ്ങളോടു പറയുന്നു' (St Mathew XXV 40) എന്ന വേദവാക്യമനുസരിച്ചു അവരിൽ മിശിഹായെ ശുശ്രൂഷിച്ചു വരികയായിരുന്നു പതിവ്.

ഒരവസരത്തിൽ ലൂയിസു അന്യത്രയാത്രക്കായി പോയിരുന്നു. ഈ തക്കം നോക്കി വ്രണങ്ങളാൽ നിറഞ്ഞു വെറുപ്പു തോന്നിച്ചിരുന്ന ഒരു കുഷ്ഠരോഗിയെ ഇവൾ രാജമന്ദിരത്തിൽ കൊണ്ടുവന്നു ശുശ്രൂഷകൾ നടത്തിത്തുടങ്ങി. ഈ പ്രവൃത്തി സോഫിയായെ അതിരില്ലാതെ കുപിതയാക്കി. എങ്കിലും അവൾ 'അമ്മാവിയമ്മ'യ്ക്കുകൂടുതൽ വിധത്തിൽ കയർക്കാതെയും സൽസ്വഭാവിയായ സ്വപുത്രിയെ വേദനപ്പെടുത്താതെയും മൌനംഅവലംബിച്ചു കഴിച്ചുകൂട്ടി. ഈ അവസരത്തിലായിരുന്നു സ്വപുത്രൻെറ മടക്കം.

കുതിരപ്പുറത്തു നിന്നും ലൂയീസു കഷ്ടിച്ചു താഴത്തിറങ്ങിയപ്പോഴേക്കുംസോ

ഫിയായും അവിടെ എത്തിക്കഴിഞ്ഞു. 'അല്ലയോ ഓമന മകനെ! എന്തുകളിയാണിതെന്നു് വന്നു നോക്കിയാലും. ഇങ്ങനെ തുടങ്ങിയാൽ ഏതു വിധത്തിലാണു കഴിച്ചു കൂട്ടുന്നതു്?. എലിസബത്തു് കുമാരിയുടെ ഒരു സാഹസ വിളയാട്ടം കണ്ടാട്ടെ. ഇങ്ങോട്ടു കയറുക ഞാൻ കാണിച്ചു തരാം' എന്നിപ്രകാരമുള്ള കുശലപ്രശ്നമായിരുന്നു ആദ്യമായി സ്വപുത്രനു അവൾ നൽകിയതു്.

വിസ്മയ ഭരിതനായ ലൂയിസാകട്ടെ കുറെ നേരം അന്ധാളിച്ചു നിന്നുപോയി. സ്വമാതാവിൻെറ കോപ സ്വഭാവം പുത്രനു അപരിചിതമല്ലായിരുന്നു. തൻെറ പ്രിയതമയായ ഏലിസബത്തിനോടു അമ്മ പിണങ്ങിയിരിക്കുമോ? എന്നിത്യാദി വിചാരങ്ങൾ അരനിമിഷത്തിനുള്ളിൽ മനസ്സിൽക്കൂടി പാഞ്ഞു. "അമ്മേ, കഴ്ചമെന്താണു്? പറഞ്ഞാൽ മതിയല്ലോ" എന്നുത്തരിച്ചു.

"വന്നുതന്നെ കണ്ടാട്ടെ. നിന്നെക്കാൾ കൂടുതലായി അവൾക്കു സ്നേഹഭാജനമായി തീർന്നിരിക്കുന്ന ആൾ ആരെന്നു ഒന്നു അകത്തുകയറി കാണുക" എന്നുതന്നെ സോഫിയാ വീണ്ടും പറഞ്ഞുകൊണ്ടു മുമ്പോട്ടു നടകൊണ്ടു.

ഈ സമയത്തിൽ ഏലിസബത്തു രാജ്ഞിയാകട്ടെ സ്വഭർത്താവിൻെറ ആഗമനത്തെക്കുറിച്ചു സ്വപ്നേപി വിചാരിക്കാതെ ലൂയീസു രാജൻെറ രാജമഞ്ചത്തിൽ കുഷ്ഠരോഗിയേ കിടത്തി ശുശ്രൂഷിക്കയായിരുന്നു. ആകസ്മികമായ പാദശബ്ദങ്ങൾ കേട്ടു അവൾ ഒന്നുണന്നതു പോലെ ഭാവിച്ചു ആഗതരാരെന്നു അന്വേഷിച്ചിറങ്ങി.

അപ്പോഴേക്കും അമ്മയും മകനും അകത്തു കടന്നു. അവരുടെ അന്വേഷണ വിഷയം എന്തെന്നറിഞ്ഞു എലിസബ സംഭ്രമയായതും പരിഭ്രമചിത്തയായതും ഒരു നിമിഷത്തിൽ കഴിഞ്ഞു.

"കണ്ടാലും മകനെ! എൻെറ വാക്കുകളുണ്ടോ അവൾ വകവെക്കാൻ പോകുന്നു. എത്ര പറഞ്ഞാലും അവളുടെ സ്വന്ത ഇഷ്ടം ഇവിടെ നടത്തണമത്രെ. എങ്ങിനെയുമായിക്കൊള്ളട്ടെ. ഇതുപോലെ കാണാൻ എനിക്കു കഴികയില്ല. നിൻെറ കട്ടിലിൽ അവൾ കിടത്തിയിരിക്കുന്ന "രൂപലാവണ്യമുള്ള" ആ ആളിനേ ഒരു നോക്കു കണ്ടുകൊൾക!" എന്നു സോഫിയാ വളരെ ഹാസ്യമായ സ്വരത്തിൽ ഢണ്ഡമായി സംസാരിച്ചു.

സ്ഥിതിഗതികളാൽ ജിജ്ഞാസയും കോപവും കലന്നു ലൂയീസ് കുഷ്ഠരോഗിയെ മൂടിയിരുന്ന പുതപ്പു നിർദ്ദയം മാററുവാൻ കൈ ഉയത്തി. അപ്പോൾ അവിടെ കണ്ട കാഴ്ച ആരെയാണെ അത്ഭുതപരതന്ത്രരാക്കാത്തതു്? അത്ഭുതമേ! കുഷ്ഠരോഗിയുടെ സ്ഥാനത്തു ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ തന്നെയാണു അവർ കണ്ടതു്. മൂവരും ഭക്തിപരവശരായി ആ ദിവ്യരക്ഷകനെ ആരാധിച്ചു നിന്നുപോയി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

"നിങ്ങൾ ഏററവും ചെറിയവരായ ഇവരിൽ ഒരുത്തനു ചെയ്യപ്പോഴൊക്കെയും എനിക്കു ചെയ്തു എന്നു സത്യമായി ഞാൻ പറയുന്നു"

(മത്തായി 25. 40)

## ക്രിസ്ത്യാനി സിംഹക്കുഴിയിലേക്കു.

(ക. നി. മൂ. സ. ബ. പീയൂസച്ചൻ.)

ട്രാജൻ ചക്രവത്തി ഭരണചക്രം ക്രൂരതരമായി തിരിച്ചുകൊണ്ടിരിക്കയായിരുന്നു. ക്രിസ്ത്വബ്ദം ഒരുനൂററിഏഴു് ഡിസംബർമാസത്തിൽ റോമാപുരിയിലെ 'സത്തുർണാലിയ' ആഘോഷം സാമോദം നടന്നുകൊണ്ടിരിക്കുന്നു. മിതമററ സന്തോഷത്തിലും അതിരററ സ്വാതന്ത്ര്യത്തിലും നഗരം അപ്പാടെ ഇളകി വശായി. പ്രസ്തുതാഘോഷത്തിൻെറ അവസാന ദിവസമായ ഡിസം

ബർ 20-ാംനു- പ്രഭാതത്തോടു അടുത്തു. പൌരാവലിക്കു അത്യാഹ്ലാദം ജനിപ്പിക്കണമെന്നു കരുതി ചക്രവർത്തി ചില പ്രത്യേക ചടങ്ങുകൾ കാലേക്കൂട്ടി തയ്യാർ ചെയ്തു. കെങ്കേമമായ പല പ്രദർശനങ്ങളും അന്നുണ്ടാകുമെന്നു പരക്കെ സംസാരമായി. ബാലാർക്കകിരണങ്ങൾ ഭൂമുഖപ്രവേശനം ചെയ്തതോടുകൂടി പ്രദർശനസ്ഥലത്തേക്കു ശക്തിയായ ജനപ്രവാഹം ആരംഭിച്ചു. പ്രദർശനരംഗമായ മണൽത്തട്ടു ഒഴിച്ചു നാലു ചുററും കാണികളെക്കൊണ്ടു നിബിഡീകൃതമായി. ജനൌഘത്തിൽ നിന്നു ഗംഭീരമായ ആർപ്പുവിളി മുഴങ്ങിത്തുടങ്ങി. ഇതിനെ പ്രതിധ്വനിപ്പിക്കുമാറു കോപാവേശിതരായ സിംഹങ്ങൾ മണൽത്തട്ടിനു താഴെയുള്ള ഗുഹകളിൽ കിടന്നു ഗർജ്ജിക്കുന്നു. ഏതാദൃശപ്രക്ഷോഭങ്ങളുടെ മദ്ധ്യേ ഒരു മനുഷ്യ രൂപം കുറെ അകലെയായി രംഗത്തു പ്രത്യക്ഷപ്പെടുന്നു. "ഞാൻ ദൈവത്തിന്റെ കോതമ്പാകുന്നു. മിശിഹായുടെ നിർമ്മല അപ്പമായി ഞാൻ രൂപാന്തരപ്പെടുന്നതിനു വന്യമൃഗങ്ങളുടെ ദന്ത പ്രയോഗത്താൽ ഭസ്മീകൃതനാകേണ്ടിയിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് പ്രശാന്തമുഖനായി വന്ദനീയനായ ആ ദേഹം അടുത്തുവരുന്നു. ഈ വീരപുരുഷന്റെ മലിനതയററ രക്തത്തെ പാനം ചെയ്യുന്നതിനു അക്ഷമരായി പാർത്തിരുന്ന മൃഗതുല്യരായ ജനസംഘം ഒന്നാകെ 'ക്രൂസ്ത്യാനിസിംഹക്കുഴിയിലേക്കു' എന്നു അട്ടഹസിച്ചുകൊണ്ട് അന്തരീക്ഷത്തെ വല്ലാതെ പ്രക്ഷോഭിപ്പിച്ചു. ആ മഹാത്മാവാകട്ടെ നേത്രങ്ങളെ സ്വർഗ്ഗത്തിലേക്കു ഉയർത്തിക്കൊണ്ടു ഇപ്രകാരം പ്രാർത്ഥിക്കുന്നു. 'പിതാവേ, ചിരപ്രതീക്ഷിതമായ ആ സമയം ആസന്നമായിരിക്കുന്നതുകൊണ്ടു നിനക്കു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. എന്നെ അങ്ങേപക്കലേക്കു വിളിക്കണമെ.' അല്പനേരത്തേക്കു നിശബ്ദത സർവ്വത്ര വ്യാപിച്ചു. കാണികളെല്ലാം മിശിഹായുടെ ആ ഭടനെ ഉററു സൂക്ഷിക്കുന്നു. അവിളംബം ഗുഹാദ്വാരം തുറക്കപ്പെട്ടു. കളിത്തട്ടിലേക്കു രണ്ടു മൃഗരാജന്മാർ പാഞ്ഞെത്തി. ആ ദിവ്യ പുരുഷന്റെ നേർക്കു പാഞ്ഞു നഖശിഖാന്തം അദ്ദേഹത്തെ കീറിമുറിക്കുന്നു. വെള്ളമണൽവിരിച്ച തട്ടു രക്തവർണ്ണമായി പകർന്നുപോയി. ഹാ! കാഴ്ച്ചകൾ എത്രയോ ഭയാനകം! കേൾവികൾ എത്രയോ സന്താപജനകം! നാലു ചുററും നില്ക്കുന്നവരുടെ ഹൃത്തടങ്ങൾ ദീനാനുകമ്പയാൽ ദ്രവിച്ചുപോകാതെ ശിലാതുല്യങ്ങളായി പരിണമിച്ചതിലാണ് അത്ഭുതം! അരനിമിഷത്തിനകം ദൃഢങ്ങളായ അസ്ഥികളെല്ലാം ഒന്നൊഴിയാതെ ആ ക്രൂരമൃഗങ്ങൾ വിഴുങ്ങി ഉദര പുഷ്ടി അടഞ്ഞു. ഈവിധം കഥാനായകൻ വേദസാക്ഷികളുടെ മുടിചൂടി. ഓ! വേദത്തെപ്രതി മൃത്യു അടയുന്നതു് എത്ര വലിയ ഭാഗ്യം. സ്നേഹിതനുവേണ്ടി സ്വായുസ്സിനെ പൂജിക്കുന്നതിനേക്കാൾ ശ്രേഷ്ഠതമമായി വേറൊന്നില്ലെന്നുള്ള മിശിഹായുടെ സ്മരണീയവാക്യം എത്രകണ്ടു ചിന്തനീയം. നാല്പതുവർഷത്തോളം അന്തിയോക്കിയായിലെ മെത്രാനായി ഭരണം നടത്തുകയും സദുപദേശങ്ങളും ഉത്തമദൃഷ്ടാന്തങ്ങളും കൊണ്ടു ജനങ്ങളിൽ മതബോധം വളർത്തുകയും പ്രാർത്ഥനയും തപക്രിയകളും വഴിയായി മതാനുഷ്ഠാനത്തിൽ അവരെ തീക്ഷ്ണതയുള്ളവരാക്കുകയും ചെയ്ത വി. ഇഗ്നാസിയോസ് സഹദായല്ലാതെ മററാരുമല്ല മേൽവിവരിച്ച ധീരപുരുഷൻ.

## ദിവ്യപൂജയുടെ മഹത്വം.

നമ്മുടെ കർത്താവിന്റെ മരണത്തിന്റെ സജീവമായ ഓർമ്മയും പ്രതിനിധീകരണവുമാണല്ലോ ദിവ്യബലി. അതിനാൽ ഇതിനുള്ള ശക്തി സകല

സുകൃതകൃത്യങ്ങളെക്കാളും ഏററം ഉപരിയായിട്ടുള്ളതത്രെ. പൂജയില്‍ ദൈവ പുത്രനായ മിശിഹാതന്നെ ബലി ചെയ്യപ്പെടുന്നതിനാല്‍ ഈ ബലി പരിശുദ്ധ കന്യാസ്ത്രീമറിയത്തിന്റെയും സകലമാലാഖമാരുടെയും ഭൂമിയിലുള്ള സകല വിശ്വാസികളുടെയും ഏകോപിച്ചുള്ള പ്രാര്‍ത്ഥനയെക്കാളും വിശിഷ്ടവും ഫലപ്രദവും ആണ് എന്നതിനു സംശയമില്ല. ഇവരുടെ പ്രാര്‍ത്ഥനകള്‍ സൃഷ്ടികള്‍ക്കു ചേര്‍ന്നതുമാത്രമാകയാല്‍ അവ മിശിഹായുടെ യോഗ്യതകള്‍കൊണ്ടുമാത്രമാണ് മഹനീയമായിത്തീരുന്നത്. എന്നാല്‍ ദിവ്യപൂജയിലാകട്ടെ നമ്മുടെ ദിവ്യരക്ഷനാഥന്‍തന്നെയാണ് നമുക്കുവേണ്ടി നിത്യപിതാവിനോടു അര്‍ത്ഥിക്കുന്നത്.

"ഈശോമിശിഹായുടെ ശരീരബലിയാലത്രേ നാം സംസ്കരിക്കപ്പെട്ടിരിക്കുന്നതു" എന്നാണ് അപ്പോസ്തലനായ വി. പൌലോസ് പറയുന്നതു്. ദിവ്യപൂജാസമയം മിശിഹായുടെ കുരിശുമരണത്തിന്റെ ഫലം നമ്മുടെ ആത്മാവില്‍ പതിയുന്നു. വി. കുമ്പാനയുടെ അപാരമായ മഹത്വവും അതിന്റെ അനിര്‍വാച്യമായ നന്മയും നിമിത്തം പൂര്‍വ്വക്രിസ്ത്യാനികള്‍ ജയില്‍വാസത്തേയും വധശിക്ഷയേയും തൃണവല്‍ ഗണിച്ചുകൊണ്ടു പൂജാദര്‍ശനാര്‍ത്ഥംഅണഞ്ഞിരുന്നു.

"എന്റെ നാമത്തില്‍ പിതാവിനോടു അപേക്ഷിപ്പിന്‍; നിങ്ങള്‍ക്കു തരപ്പെടും." (യോഹന്നാന്‍ 16-23) എന്നു കര്‍ത്താവു് അരുളിച്ചെയ്തിരിക്കയില്‍ നാം ഭഗ്നാശരായിരിക്കണമോ? നമ്മുടെ ഘോരപാപങ്ങളെപ്പററിയോ തന്‍മൂലം നമുക്കു വരാനിരിക്കുന്ന കഠിനശിക്ഷയെപ്പററിയോ നാം വ്യാകുലചിത്തരായിത്തീരുന്നുവെങ്കില്‍ പൂജയില്‍ബലിചെയ്യപ്പെടുന്ന മിശിഹായുടെ നാമത്തില്‍ ദൈവത്തോടു പ്രാര്‍ത്ഥിക്കുക. അപ്പോള്‍മനഃസമാധാനവും പാപത്തെപ്പററിയുള്ള മനസ്താപവും അവിടുന്നു നമുക്കു നല്‍കാതെയിരിക്കയില്ല. വിപത്തുകള്‍ക്കു വിധേയരായി നാം ക്ലേശം അനുഭവിക്കുമ്പോഴും ദുഃഖദുരിതങ്ങള്‍ കുടിപ്പെട്ട നമ്മുടെ ബന്ധുമിത്രാദികള്‍ കഷ്ടപ്പെടുന്നു എന്നു കാണുമ്പോഴും കരുണാനിധിയും ആശ്വാസപ്രദനും നമുക്കായി മാത്രം സ്വയം ബലിചെയ്യപ്പെടുന്നവനുമായ മിശിഹായുടെ അള്‍ത്താരയിങ്കലേക്കു നമുക്കു അടുക്കാം. എല്ലാ ആശ്വാസവും അവിടെ നാം കണ്ടെത്തും. ശുദ്ധീകരാത്മാക്കളേ സഹായിക്കുന്നതിനും ഇതിലധികം ഉപയോഗമുള്ള ഒരു മാര്‍ഗ്ഗമില്ല.

## "സോദരിയുടെ ത്യാഗം" *

(ശ്രീമാന്‍ ജെ. ചാക്കോ വള്ളവന്തര്‍.)

സാധിക്കുന്നതല്ല, നീ ഒരു പട്ടക്കാരനാകുന്നതിനു ഒരു നാളും ഞാന്‍ അനുവദിക്കുന്നതല്ല. നീ എന്റെ കൂടെ കച്ചവടകാര്യങ്ങളില്‍ ഏര്‍പ്പെട്ടുകൊള്ളണമെന്നാണു എന്റെ ആഗ്രഹമെന്നു നിനക്കു അറിഞ്ഞുകൂടയോ? എന്റെ സകല പ്രത്യാശകളും ഞാന്‍ ഏര്‍പ്പെട്ടിരിക്കുന്ന വിവിധ കാര്യങ്ങളുടെ ഭാവിയും നിന്നിലാണ് ഞാന്‍ നിക്ഷേപിച്ചിരിക്കുന്നതു്. എഡ്വര്‍ഡിനു നിന്നെപ്പോലെ പ്രാപ്തിയോ സാമര്‍ത്ഥ്യമോ ഇല്ല. ഞാന്‍ ഒന്നുറച്ചിട്ടുണ്ട്. അതനുസരിച്ചു തന്നെ ഞാന്‍ പ്രവര്‍ത്തിക്കും. അവസാന തീര്‍ച്ചയായിട്ടു 'അസാദ്ധ്യം' എന്നു ഞാന്‍ പറയുന്നു. ഇനി ഈ കാര്യത്തെ സംബന്ധിച്ചു ഒരിക്കലെങ്കിലും സംസാരിച്ചു കേള്‍പ്പാന്‍

* ഒരു തര്‍ജ്ജമ.

ഞാൻ ആഗ്രഹിക്കുന്നില്ല. നീ പോകുക. എനിക്കു ഇന്നു തന്നെ അയയ്പ്പാനുള്ള ചില കത്തുകൾ എഴുതുന്നതിനായിട്ടുണ്ട്." ഇത്രയും പറഞ്ഞശേഷം ജോൺ ഇർട്ടൺ തന്റെ ജോലിയിൽ പ്രവേശിച്ചു.

നിരാശയോടും വ്യസനത്തോടും കൂടി ഫ്രാൻസിസ് മുറിയിൽ നിന്നും ഇറങ്ങി പൂമുഖത്തുവന്നു. അവന്റെ സോദരി മേറി പൂമുഖത്തു നിൽപുണ്ടായിരുന്നു. അവരുടെ കൂടിക്കാഴ്ചയുടെ ഫലം ഊഹ്യം തന്നെ. ഫ്രാൻസിസിന്റെ മുഖഭാവത്തിൽ നിന്നും സംഗതികളുടെ യാഥാർത്ഥ്യം മുഴുവൻ അവൾ നിഷ്പ്രയാസം ഗ്രഹിച്ചു.

"സോദരാ നിരാശപ്പെടേണ്ട. ഈശോയുടെ ദിവ്യഹൃദയത്തിനു ഏതു കഠിന ഹൃദയത്തേയും മയപ്പെടുത്തുന്നതിനു ശക്തി ഉണ്ടെന്നു ഓർത്തുകൊള്ളുക. അവിടത്തേക്കു സോദരനെ വേണമെന്നുണ്ടെങ്കിൽ അവിടന്നു അതിനുള്ള മാർഗ്ഗവും കണ്ടുപിടിക്കും" എന്നു അവൾ അവന്റെ കൈക്കു പിടിച്ചുകൊണ്ടു പറഞ്ഞു.

"മേറീ, നീ എനിക്കു ഒരു വലിയ ആശ്വാസം തന്നെ" എന്നു ഫ്രാൻസീസ് പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു.

"ഞാൻ ഒരു വഴി കണ്ടിട്ടുണ്ട്. ദിവ്യ രക്ഷകൻ എന്നെ കേൾക്കാതെയിരിക്കയില്ല." എന്നു മേറി തുടർന്നു പറഞ്ഞു.

"നീ എന്താണ് ചെയ്വാൻ ഭാവിക്കുന്നത്"

"എന്റെ കാഴ്ച സ്വീകരിച്ചു, നിന്റെ ആഗ്രഹം സാധിക്കുന്നതുവരെ ഞാൻ അതു അറിയിക്കയില്ല. ഞാൻ പോയി അമ്മയെ വിളിച്ചുകൊണ്ടുവരട്ടെ" എന്നു പറഞ്ഞ ശേഷം അവരുടെ അമ്മയെ വിളിക്കുന്നതിനായി മേറി പുറപ്പെട്ടു. വഴിയരികിലുള്ള "തിരുഹൃദയ ദേവാലയത്തിൽ അവൾ പ്രവേശിച്ചു. അവളുടെ കാഴ്ച സമർപ്പണാർത്ഥമാണ് അവൾ ദേവാലയത്തിൽ പ്രവേശിച്ചത്. എന്നാൽ അവൾക്കു അതിൽ അല്പം ഭയം തോന്നി. അവളുടെ ബലിയുടെ ഗൌരവം അവൾക്കു മനസ്സിലായി. അവൾക്കു ഇനിയും വയസ്സ് പതിനഞ്ചു കഴിഞ്ഞിട്ടില്ല. ആനന്ദകരവും സന്തോഷപ്രദവുമായ ഒരു ഭാവി ജീവിതത്തെ അവൾ എങ്ങിനെ തന്റെ സഹോദരന്റെ ദൈവ വിളിക്കു വേണ്ടി ബലി അർപ്പിക്കും? അവൾ പല മാർഗ്ഗങ്ങളും പരീക്ഷിച്ചുനോക്കി. പ്രാർത്ഥന, നൊവേന, ദിവ്യകൂദാശയുടെ സ്വീകരണം, ആദിയായവകൊണ്ടു യാതൊരു ഫലവും ഉണ്ടായില്ല. അവളുടെ പിതാവിന്റെ നിർബന്ധശീലത്തിനു ഒരു കുറവും കണ്ടില്ല. ഇനി ഒരു കാര്യംമാത്രം ശേഷിച്ചു. തന്റെ സോദരൻ അവന്റെ ആഗ്രഹാനുസരണം സന്യാസത്തിൽ പ്രവേശിക്കുന്നതിനു വേണ്ടി അവളുടെ ജീവനെ ദിവ്യഗുരുവിനു ബലി സമർപ്പിക്കുകയെന്നുള്ളതല്ലാതെ മറ്റൊന്നുമായിരുന്നില്ല അത്.

അവൾ അവളുടെ മുഖത്തെ കൈകൾകൊണ്ടു മറച്ചു. അവളുടെ നയനങ്ങളിൽ നിന്നും അശ്രുധാര പൊഴിഞ്ഞുകൊണ്ടിരുന്നു. അവളുടെ മുഖം ഉയർത്തി. അൾത്താരയിൽ ഉണ്ടായിരുന്ന തൂങ്ങപ്പെട്ട സ്വരൂപത്തെ അവൾ സൂക്ഷിച്ചുനോക്കി. ഈശോമിശിഹാ അവൾക്കുവേണ്ടിക്കൂടെയും സഹിച്ച കഷ്ടാനുഭവങ്ങളെക്കുറിച്ചു അവൾ ഓർത്തു. പിന്നീടു അടുത്തുണ്ടായിരുന്ന അൾത്താരയിൽ കത്തുന്ന മെഴുകുതിരികളുടെ ഇടയിൽ തിരുഹൃദയ സ്വരൂപത്തെ അവൾ കണ്ടു. ഫ്രാൻസീസ് ഒരു പട്ടക്കാരനായിത്തീരുന്ന പക്ഷം അവൻ തന്റെ ദിവ്യഗുരുവിനുവേണ്ടി അനേകാത്മാക്കളെ രക്ഷപെടുത്തുമായിരുന്നേനെ എന്നു അവൾ വിചാരിച്ചു. ദിവ്യരക്ഷകൻ എഴുന്നള്ളിയിരിക്കുന്ന സക്രാരിയെ അവൾ സൂക്ഷിച്ചുനോക്കി. അവളുടെ ദൃഷ്ടിയെ ഉറപ്പിച്ചുകൊണ്ടു അവൾ അവളുടെ മഹാബലിയെ സമർപ്പിച്ചു. അതു അവളുടെ ജീവനെ തന്നെയും അവളുടെ സോദരന്റെ ദൈവവിളിക്കായി ബലി സമർപ്പിക്കയെന്നുള്ളതായിരുന്നു.

ദിവസങ്ങൾ ഓരോന്നായി

കഴിഞ്ഞു. ജൂലായി മാസവും അവസാനിച്ചു. ആഗസ്റ്റ് ആരംഭിച്ചതോടുകൂടി പ്രകൃതിയിലും ചില മാററങ്ങൾ സംഭവിച്ചു. അതേവരെ ഉണ്ടായിരുന്ന തണുപ്പു പെട്ടെന്നു മാറി ചൂടു ക്രമേണ വദ്ധിച്ചു. എന്നാൽ ഇതിനു വിപരീതമായി പ്രകൃതിയിൽ പെട്ടെന്നു ഒരു മാററംകൂടി സംഭവിച്ചു. ശക്തിയായ കൊടുങ്കാററും മഴയും ഉണ്ടായി. രണ്ടുമൂന്നു മണിക്കൂറുനേരത്തേക്കു ധാരമുറിയാതെ ഉണ്ടായ അതിവഷം കാരണത്താൽ ചൂടിനു ശമനം വരുകയും സകല ജീവികൾക്കും ഒരു പുതിയ ഉണവ്വ് തോന്നുകയും ചെയ്തു.

അന്നുരാത്രി അവളുടെ കാഴ്ച സ്വീകരിച്ചു എന്നുള്ളതിൻെറ അടയാളം മേരിക്കു ലഭിച്ചു. അവൾ അന്നു നേരത്തെ ഉറക്കം ആരംഭിച്ചു. എന്നാൽ അദ്ധരാത്രിയിൽ അവളുടെ ഹൃദയത്തിൽ ഒരു വേദന ആരംഭിച്ചു. അവൾ അവളുടെ അമ്മയെ വിളിക്കുന്നതിനു ശ്രമിച്ചെങ്കിലും സ്വരം ഉയത്തുന്നതിനു അവൾക്കു സാധിച്ചില്ല. "ഈശോ ഈശോ" എന്നു സാവധാനത്തിൽ ഉച്ചരിക്കുന്നതിനു മാത്രമെ അവൾക്കു സാധിച്ചുള്ളു. അവളുടെ ദീനസ്ഥിതി പെട്ടെന്നു വർദ്ധിച്ചു. ആ സമയത്തു എങ്ങിനെയോ അവളുടെ അമ്മ അടുത്തു വരുന്നതിനു സംഗതിയായി. ഉടൻ തന്നെ ഡാക്ടർക്കു ആളുവിട്ടു. അദ്ദേഹം ഉടനെ തന്നെ വന്നുചേന്നു. കഴിയുന്നതു ശ്രമിച്ചിട്ടും യാതൊരാശ്വാസവും അവൾക്കു ഉണ്ടായില്ല. കുടുംബാംഗങ്ങളിൽ എന്തെന്നില്ലാത്ത ഒരു പരിഭ്രമം ഉണ്ടായി. എങ്കിലും കൂടുതൽ ദു:ഖം തോന്നിയതു് അവളുടെ പിതാവിനായിരുന്നു. മേറി അദ്ദേഹത്തിൻെറ കണ്ണിലുണ്ണിയായിരുന്നു. ദൈവം അവളെ തന്നിൽ നിന്നു വിളിക്കയെന്നതു് അദ്ദേഹത്തിനു അസ്സഹനീയമായി തോന്നി. ഒരു ദിവസം ഉച്ചക്കു ശേഷം ഫ്രാൻസ്സീസ് തൻെറ സോദരിയുടെ രോഗശയ്യക്കു അരുകിൽ ഇരിക്കയായിരുന്നു. അവൾ സോദരനെ സൂക്ഷിച്ചുനോക്കി, മന്ദസ്മിതം തൂകിക്കൊണ്ടു പറഞ്ഞു "പ്രിയസോദരാ, ഫ്രാൻസ്സീസേ! നിൻെറ അനുഗ്രഹം കാലതാമസമെന്യേ സാധിക്കുന്നതാണ് നമ്മുടെ രക്ഷകൻ എൻെറ കാഴ്ചയെ സ്വീകരിച്ചിരിക്കുന്നതായി എനിക്കു തോന്നുന്നു." പിന്നീടു അവൾ സംഗതികളുടെ വാസ്തവസ്ഥിതി അവനെ അറിയിച്ചു.....

ഫ്രാൻസ്സീസ് അവളുടെ കൈക്കു പിടിച്ചുകൊണ്ടു് "ഞാൻ നിന്നെ അനുവദിക്കുന്നതല്ല" എന്നു സവ്യസനം കരഞ്ഞുകൊണ്ടു പറഞ്ഞു. തദനന്തരം അവൻ എഴുന്നേററു അവരുടെ പിതാവു ഇരുന്ന മുറിയിലേക്കു പാഞ്ഞെത്തി. ഫ്രാൻസ്സീസിൻെറ മുഖഭാവം കണ്ടു അദ്ദേഹം പരിഭ്രമിച്ചു. മേറിയുടെ വാഗ്ദാനത്തെക്കുറിച്ചു ഫ്രാൻസീസ് പിതാവിനെ അറിയിച്ചു. അദ്ദേഹം വ്യസനസമേതം അവിടെ തന്നെ കുറേ നേരം ഇരുന്നു. ദൈവഹിതത്തിനു വിപരീതമായി പ്രവൎത്തിക്കുന്നതിനുള്ള നിർബന്ധ ശീലത്തിൻെറ അനുഭവമാണല്ലൊ ഇതെന്നു ഓർത്തു അദ്ദേഹം വ്യസനിച്ചു.

"ദൈവം കരുണയുള്ളവൻ ആകുന്നു. എനിക്കു ഇപ്പോൾ സന്യാസ അന്തസ്സിൽ പ്രവേശിക്കുന്നതിനു അനുവാദം നൽകുന്നപക്ഷം സഹോദരിയുടെ ബലിയെ പക്ഷെ വേണ്ടെന്നു വച്ചേക്കും" എന്നു ഫ്രാൻസീസ് പിതാവിനെ അറിയിച്ചു. അരമണിക്കൂറിനുള്ളിൽ മേറി അവളുടെ കാഴ്ച സമൎപ്പിക്കുന്നതിനു പ്രവേശിച്ച ദേവാലയത്തിൽ അവളുടെ പിതാവു ചെന്നുചേന്നു. അതേ സക്രാരിയുടെ മുമ്പിൽ മുട്ടുകുത്തിക്കൊണ്ടു ദൈവത്തോടു ക്ഷമായാചനം ചെയ്കയും, ഫ്രാൻസിസിനെ അവിടത്തെ ശുശ്രൂഷക്കു അയച്ചുകൊള്ളാമെന്നു സമ്മതിച്ചു പറകയും മേറിയുടെ ജീവനെ രക്ഷിക്കണമെന്നു അപേക്ഷിക്കയും ചെയ്തു. മടങ്ങിവന്നു ഫ്രാൻസീസിനു സന്യാസത്തിൽ പ്രവേശിക്കുന്നതിനുള്ള അനുവാദം താൻ നൽകിയ വിവരം തൻെറ ഓമനസന്താനത്തെ അദ്ദേഹം അറിയിച്ചു. "ഫ്രാൻസീസിനു അനുവാദം നൽകിയെങ്കിൽ എൻെറ കാഴ്ച വേണ്ടെന്നു വച്ചിരിക്കാം" എന്നു അവ

ൾ പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു. 'ബലി അൎപ്പിക്കണമെന്നുണ്ടെങ്കിൽ അതിനും എനിക്കു സമ്മതം തന്നെ' എന്നു അവൾ തുടൎന്നു പറഞ്ഞു.

അന്നു മുതൽക്കു അവളുടെ രോഗത്തിനു ശമനം കാണുവാൻ തുടങ്ങി. അവളുടെ കാൎയ്യം വേണ്ടതു ദിവ്യരക്ഷകൻ ഉദ്ദേശിച്ചിരിക്കുന്നതായി ജോൺ ബൎട്ടൺകുടുംബാംഗങ്ങൾക്കു പ്രത്യക്ഷമായി.

പ്രാൻസീസിന്റെ ഗുരുപ്പട്ടസ്വീകരണദിവസം, അയാൾ ഒരു പട്ടക്കാരൻ ആകുന്നതിനു ആദ്യം വിസമ്മതം പ്രദൎശിപ്പിച്ച പിതാവിന്നുണ്ടായതുപോലെയുള്ള സന്തോഷം മററാൎക്കും ഉണ്ടായില്ല. എന്നാൽ പ്രാൻസീസ്സിനു ഒരു പട്ടക്കാരനായി തീരുന്നതിനു പ്രധാന സഹായിയായി നിന്നതു താനാണല്ലോ എന്നു വിചാരിച്ചു 'മേരി' സീമാതീതമായ സന്തോഷം അനുഭവിച്ചിരിക്കണം.

## തിരുഹൃദയഭക്തന്മാർ ൧൯൨൦ വൃശ്ചികമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### യുവജനങ്ങളുടെ ദിവ്യകാരുണ്യ ഭക്തി.

വി. കുൎബ്ബാനയുടെ നേരെയുള്ള ഭക്തി എല്ലാ ക്രിസ്ത്യാനികൾക്കും ആവശ്യമാകുന്നു; എന്നുവരികിലും ആൎക്കെങ്കിലും ഈ ഭക്തി കൂടുതൽ ആവശ്യമുണ്ടെന്നു പറയുന്ന പക്ഷം അതു യുവാക്കന്മാൎക്കത്രെ. ആശാപാശങ്ങളുടെ ശക്തി പ്രബലപ്പെട്ടിരിക്കുന്ന യൗവ്വനകാലത്തു ദൈവപ്രസാദവരംകൊണ്ടു കൂടുതൽ ആവശ്യമുണ്ടെന്നുള്ളതിനു സംശയമില്ല. ആകയാൽ ദൈവപ്രസാദവരത്തിന്റെ നിധിയായ



വി. കുൎബ്ബാന യുവജനങ്ങൾക്കു പ്രത്യേകം ആവശ്യമായിട്ടുള്ളതാണെന്നു സിദ്ധിക്കുന്നു.

ഈ തത്വം ശരിയായി മനസ്സിലാക്കിയിരുന്നതുകൊണ്ടാണു് ഭാഗ്യസ്മരണസ്സു അൎഹനായ പത്താംപീയോസ് മാൎപ്പാപ്പാ കുട്ടികളെ യഥായോഗ്യം ദിവ്യകാരുണ്യം സ്വീകരിപ്പിക്കുന്ന കാൎയ്യത്തിൽ വലിയ ഉത്സാഹം പ്രദൎശിപ്പിക്കയും ഈ കാൎയ്യത്തിനായി ആത്മപാലകരെ ഉത്സാഹിപ്പിക്കയും ചെയ്തതു. ഇന്നു കത്തോലിക്കലോകത്തിൽ പലസ്ഥലങ്ങളിലും യുവാക്കന്മാരുടെ ഇടയിൽ കണ്ടുതുടങ്ങിയിട്ടുള്ളതു മതതീക്ഷ്ണതയും വിശ്വാസവൎദ്ധനവും ഈ വന്ദ്യ ഇടയന്റെ ശ്രമഫലമാണെന്നുള്ളതിനു സംശയമില്ല.

എന്നാൽ വിശുദ്ധ കുൎബ്ബാനയുടെ നേരെയുള്ള ഭക്തി എല്ലാ യുവാക്കന്മാരിലും ഇനിയും വേണ്ടത്തക്കവണ്ണം പ്രചരിച്ചിട്ടില്ല. അടുക്കലടുക്കൽ വി. കുൎബ്ബാന കൈക്കൊള്ളുന്നതിനും വി. കുൎബ്ബാനയിൽ എഴുന്നള്ളിയിരിക്കുന്ന നമ്മുടെ ദിവ്യരക്ഷകന്റെ സന്നിധിയിൽ ചെന്നു് അങ്ങയോടു പ്രാൎത്ഥിക്കുന്നതിനും അലസത പ്രദൎശിപ്പിക്കുന്ന എത്രയോ യുവാക്കന്മാർ ഇന്നു കത്തോലിക്കാ ലോകത്തുണ്ടു്. ഇവരുടെ അലസത നീങ്ങി വിശുദ്ധ കുൎബ്ബാനയുടെ നേരെയുള്ള ഭക്തിയിൽ ഇവർ വൎദ്ധിക്കുന്നതിനു നാം പ്രാൎത്ഥിക്കണം. നമ്മുടെ പ്രാൎത്ഥനമൂലം വി. കുൎബ്ബാനയുടെ നേരെയുള്ള ഭക്തി യുവാക്കന്മാരിൽ വൎദ്ധിക്കുന്നപക്ഷം അതുമൂലം ക്രിസ്തീയജീവിതം അവരിൽ ശക്തിപ്പെട്ടുവരുമെന്നും ഭ്രമ

ഖം ഒന്നിനൊന്നു നവീകൃതമായി ഭവിക്കുമെന്നും നമുക്കപ്രതീക്ഷിക്കാവുന്നതാണ്.

വിശുദ്ധകുബ്ബാനയുടെ നെരേയുള്ള ഭക്തിയാൽ സദാ എരിഞ്ഞിരുന്ന വി. സ്റ്റനിസ്ലാവോസ് കോസ്റ്റ്ക്കാ എന്നപുണ്യബാലൻെറ മാതൃകയാണ് പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു ഈമാസം നമ്മുടെ കൺമുമ്പാകെ കാണിച്ചുതരുന്നതു. മാലാഖാവഴി ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതിനുപോലും ഭാഗ്യം സിദ്ധിച്ച ഈ വിശുദ്ധൻെറമാതൃക യുവജനങ്ങളുടെ ഹൃദയത്തിൽ ദിവ്യകാരുണ്യ ഈശോയുടെ നേർക്കുള്ളസ്നേഹം അതിയായി വദ്ധിപ്പിക്കാതിരിക്കയില്ല.

ഡിസംബർമാസം— ഞായറാഴ്ചയുടെ ആചരണം.



കുറവിലങ്ങാട്ടു് കെ. സി. സി. എ. ബാലികാസംഘങ്ങൾ.

## പുതിയ പ്രസിദ്ധീകരണങ്ങൾ.

**1. കൊച്ചുത്രേസ്യായുടെ നവനാൾ ജപങ്ങൾ.**

ചെറുപുഷ്പം ആഫീസ്, എറണാകുളം. വില 9 പൈ.

അത്ഭുതപ്രവർത്തകയായ വി. കൊച്ചുത്രേസ്യാ വഴിയായി മനോഗുണങ്ങൾ ലഭിക്കുന്നതിലേക്കുള്ള നവനാൾ പ്രാർത്ഥനകളും, പുണ്യവതിയുടെലുത്തിനിയായും ചേർത്തു ചെറുപുഷ്പം പത്രാധിപർ റവ. ഫാദർ ജോർജ്ജ് ടി. ഒ. സി. ഡി. അവർകൾ അച്ചടിപ്പിച്ചിട്ടുള്ള ഈ ചെറിയ പുസ്തകം ഈശോയുടെ ചെറുപുഷ്പത്തിൻെറ ഭക്തിപ്രചരിപ്പിക്കുന്നതിനും അത്യന്തം ഉപകരിക്കുന്നതാകുന്നു.

**2. എന്റെ കർബാനപ്പുസ്തകം.**

കൊൺവേർഷ്യൻ ലീഗ് പുത്തൻപള്ളി
വരാപ്പുഴ.

വില 1 ചക്രം അഥവാ 7 പൈ.

കുട്ടികൾക്കു ഫലസിദ്ധിയോടു കൂടെ ദിവ്യപൂജ കാണുന്നതിന്നുപയോഗിക്കത്തക്ക മനോഹരമായ ഈ ചെറിയ പുസ്തകത്തിന്റെ രണ്ടാം പതിപ്പാണു ഇപ്പോൾ പുറപ്പെട്ടിരിക്കുന്നതു്. ഇതിന്റെ പ്രചാരംകൊണ്ടു അവാച്യമായ ആത്മീയ പ്രയോജനം സിദ്ധിക്കുമെന്നുള്ളതിനു സംശയമില്ല.

**3. ഏലിയാനിവ്യായും ആഹാബും.**

കത്തോലിക്ക മിഷ്യൻപ്രസ്സ്
കോട്ടയം.

വില രണ്ടണ.

പാലായിൽ വച്ചു കേരളീയകത്തോലിക്ക് കോൺഗ്രസ്സിന്റെ അഭിമുഖ്യത്തിൽ നടത്തിയ സാഹിത്യമത്സരപ്പരീക്ഷയിലേക്കു മി. ജോസഫ് മുകളയിൽ എഴുതി സമർപ്പിച്ചതും, ഒന്നാംസമ്മാനത്തിനുള്ള സ്വർണ്ണമെഡൽ ലഭിച്ചതുമായ ഒരു പദ്യകൃതിയാണു ഈ പുസ്തകം. നാലു ഭാഗങ്ങളായി ആകെ നൂററിനാലു പദ്യങ്ങളും, കോട്ടയം മെത്രാനച്ചൻ തിരുമനസ്സിലെ ആശീർവ്വാദലേഖനവും, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ അഭിപ്രായങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. മി. ജോസഫിന്റെ കവിതാപരിശ്രമങ്ങൾ മേൽക്കുമേൽ അഭിവൃദ്ധിപ്പെട്ടു കാണ്മാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**4. പുണ്യയൌസേപ്പു ചരിതം**
(കിളിപ്പാട്ടു)

എം. ലയോൺജോസഫ് പുത്തൻപറമ്പുതുരുത്തിയിൽ - കൊല്ലം.

വില മൂന്നു ചക്രം.

കേരളീയകത്തോലിക്കരുടെ ഇടയിൽ സാഹിത്യപരിശ്രമങ്ങളും കവിതാസംരംഭങ്ങളും വർദ്ധമാനമായി വരുന്നുണ്ടെന്നുള്ളതിനു ഈ കിളിപ്പാട്ടും ഒരു സാക്ഷ്യം വഹിക്കുന്നു. വേദപുസ്തകസംബന്ധമായ ഈവക ഖണ്ഡകാവ്യങ്ങൾ ധാരാളമുണ്ടായാൽ കത്തോലിക്കസാഹിത്യത്തിനു ശോഭനമായ ഒരു ഭാവി അചിരേണയുണ്ടാകും. ഗ്രന്ഥകാരന്റെ ശ്രമത്തെ ഞങ്ങൾ സവിശേഷം അഭിനന്ദിക്കുന്നു.

## വർത്തമാനസംഗ്രഹം.

**കേരളം.**

സ്ഥാനത്യാഗംചെയ്ത കൊച്ചിമഹാരാജാവുതിരുമനസ്സുകൊണ്ടു് തിരുവിതാംകൂർ കഴിഞ്ഞമാസത്തിൽ സന്ദർശിച്ചുമടങ്ങിയിരിക്കുന്നു. മഹാരാജാവു തിരുമനസ്സുകൊണ്ടു തിരുവനന്തപുരത്തുവച്ചു നടന്ന ആയുർവേദ മഹാജനസഭയിൽ അദ്ധ്യക്ഷം വഹിക്കയും അവിടത്തെയും, കൊല്ലം, ആലപ്പുഴ, കോട്ടയം മുതലായ സ്ഥലങ്ങളിലെയും മുൻസിപ്പാലിററികളുടെ മംഗളപത്രങ്ങൾ സ്വീകരിക്കുകയും ചെയ്തു. മഹാരാജാവിനെ ശ്രീചിത്തിര തിരുനാൾ മഹാരാജാവു്, മഹാറാണി റീജൻറു എന്നീ തിരുമേനികൾ കോട്ടയ്ക്കകത്തുള്ള അനന്തവിലാസം കൊട്ടാരത്തിൽ രാജകീയാഡംബരങ്ങളോടുകൂടി സ്വീകരിച്ചാചരിക്കയുണ്ടായി.

തിരുവിതാംകൂർ നിയമസഭയുടെ അടുത്ത യോഗം വൃശ്ചികം 15-ാംനു മുതൽ വിക്ടോറിയാ ജൂബിലി ടൌൺ ഹാളിൽവച്ചു് ആരംഭിക്കുന്നതാണു്.

മററക്കരഎന്ന സ്ഥലത്തു സാമാന്യം ഭേദപ്പെട്ട ഒരു നായർ തറവാടായ നെട്ടങ്ങാട്ടിൽ കുടുംബത്തിലെ കാരണവർ നാരായണൻനായരും ഭാര്യയും അഞ്ചുമക്കളും കത്തോലിക്കാ സഭയിൽ ചേർന്നിരിക്കുന്നു. മി. നാരായണൻനായരുടെ മരിച്ചുപോയ മുൻ ഭാര്യയുടെ മകനായ ഒരു മി. നീലകണ്ഠൻനായരും കുറച്ചു ദിവസങ്ങൾക്കു മുൻപു കത്തോലിക്ക സഭയിൽ ചേർന്നിട്ടുള്ളതായറിയുന്നു.

## ഭാരതം.

മംഗലാപുരത്തുള്ള മാതൃകായോഗ്യമായ ഒരു കുടുംബത്തേക്കുറിച്ചു ചില വിവരങ്ങൾ പ്രസ്താവിച്ചു കാണുന്നു. ഈ കുടുംബത്തിലെ കാരണവരായ മി. എ. എഫ്. കോയിലിയോയിക്കുള്ള അഞ്ചു ആൺ മക്കളിൽ നാലുപേരും വൈദികരാണു്. ഒൻപതു പെൺ മക്കളിൽ നാലു പേരു കന്യാസ്ത്രീകളാകുന്നു. മററു രണ്ടുപേരു് ഇപ്പോഴും വിദ്യാഭ്യാസം ചെയ്തു വരുന്നതേയുള്ളൂ.

ദക്ഷിണാഫ്റിക്കയിൽ കുടിയേറിപ്പാർക്കുന്ന ഇൻഡ്യാക്കാർക്കു ഗുണകരമായി അവിടുത്തെ ഗവർമ്മേണ്ടു ഒരു സന്ധിവ്യവസ്ഥ രൂപീകരിച്ചതു് ഇൻഡ്യയിലെ ക്രൈസ്തവമതപ്രചാരണത്തെക്കുറിച്ചു വിവരിച്ചിരുന്ന ഒരു പുസ്തകം ദക്ഷിണാഫ്റിക്കൻ മന്ത്രിയായ ഡോക്ടർ മലാൻ വായിച്ചതു കൊണ്ടാണെന്നു തെളിഞ്ഞിരിക്കുന്നു.

## വിദേശം.

ജപ്പാനിലെ ഒന്നാമത്തെ സ്വദേശിയ മെത്രാനായി നിയമിക്കപ്പെട്ടിരിക്കുന്ന മോൺസിഞ്ഞോർ ഹയാസാകാ പരിശുദ്ധ പിതാവു തിരുമനസ്സിലെ ആജ്ഞാനുസരണം റോമയിലേക്കു പുറപ്പെട്ടിരിക്കുന്നു. മാർപ്പാപ്പാ തിരുമേനി തന്നെ അദ്ദേഹത്തിനു ഈ മാസത്തിൽ റോമിൽവച്ചു മെത്രാൻപട്ടം കെട്ടുന്നതാണു്.

ചൈനായിലേക്കു പുതുതായി വാഴിക്കപ്പെട്ട സ്വദേശ മെത്രാന്മാരിൽ ഒരാളായ മോൺസിഞ്ഞോർ ജോസഫ് ഹൌ സ്വദേശത്തു എത്തിയ ശേഷം, അവിടത്തെ ഒരു സെമിനാരി റെക്ടറായ ഫാദർ ആൻഡ്റയാസ് ഡെഫ്ബ്ലൂ എന്ന പ്രഞ്ചു വൈദികനെ മെത്രാനായി വാഴിച്ചിരിക്കുന്നു. ഒരു നാട്ടുകാരൻ ഒരു യൂറോപ്യനെ മെത്രാഭിഷേകം നടത്തുക എന്നുള്ള സംഭവം ചൈനാക്കാർക്കു അത്യന്തം അഭിജാത്യജനകമായി ഗണിക്കപ്പെട്ടിരിക്കുന്നു.

ഇംഗ്ലണ്ടിലെ വെസ്റ്റമിനിസ്റ്റർ അതിരൂപതയിൽ ഇക്കഴിഞ്ഞ ഒരു വർഷത്തിൽ തന്നെ 1489 പ്രോട്ടസ്റ്റൻറുകാർ കത്തോലിക്ക തിരുസഭയിൽ ചേർന്നിട്ടുള്ളതായി കാണുന്നു.

ഇററാലിയിലെ ഒരു പ്രധാന സ്ഥലമായ നേപ്പിൾസുദേശത്തിന്റെ മദ്ധ്യസ്ഥനായി ജനങ്ങളാൽ ഭക്തിവിശ്വാസപൂർവ്വം തിരിഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു് വി. ജാനുവാരിയൂസു പുണ്യവാനെയാണു്. ഈയിടെ അവിടുത്തെ പ്രധാന ദേവാലയത്തിൽ സ്ഥാപിച്ചിരിക്കുന്ന ഈ വിശുദ്ധന്റെ തിരുശരീരത്തിൽ നിന്നു രക്തം ചിന്തുന്നതായി കാണപ്പെട്ടിരിക്കുന്നു.

ലോകത്തിൽ ആകെ മൂന്നു ലക്ഷത്തിൽ പരം കത്തോലിക്ക വൈദികന്മാരുള്ളതായി കാണുന്നു. ഇവരിൽ രണ്ടുലക്ഷവും യൂറോപ്പിൽ തന്നെയുള്ളവരാണു്.

## സിദ്ധൌഷധക്കുറിപ്പുകൾ.

ഏഴു ദിവസം രാവിലെ മുടങ്ങാതെ ശംഖ് അരച്ചുസേവിക്കുക കാമില എന്ന രോഗം മാറും.

❁ ❁ ❁

കടുക്, വേപ്പില, എള്ള്, കൊന്നത്തൂമ്പ്, പച്ചമഞ്ഞൾ ഇവ മോരിലരച്ചു തേക്കുക. സകലവിസർപ്പവും ശമനം.

# പഞ്ചാംഗത്തിലേക്ക്.

അടുത്തകൊല്ലത്തെ നസ്രാണിദീപികാ പഞ്ചാംഗത്തിൽ ചേർക്ക ത്തിലേക്കുള്ള പ്രധാന തിരുനാളുകളുടെ വിവരങ്ങൾ ഡിസംബർ ഒന്നാംതീയതിക്കു മുമ്പായി ഇവിടെ കിട്ടത്തക്കവണ്ണം ദയവായി അയച്ചു തരണമെന്നപേക്ഷ. തീയതികൾ പലപ്പോഴും വ്യത്യാസപ്പെട്ടു വരുന്നതിനാൽ എഴുതി അയച്ചു തരാത്ത തിരുനാളുകൾ പഞ്ചാംഗത്തിൽ ചേർക്കുന്നതല്ല.

മാനേജർ, നസ്രാണിദീപിക. മാന്നാനം.

# മനോഗുണ വിവരങ്ങൾ.

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുൻപേറടച്ച് അപേക്ഷിക്കണം.

ഭരണങ്ങാനം മഠത്തിന്റെ കപ്പേളയിൽ കെടാവിളക്കു കത്തിച്ചതിന്റെയും വി. കൊച്ചുത്രേസ്യായുടെ നവനാൾ കഴിച്ചതിന്റെയും ഫലമായി രോഗം സുഖപ്പെട്ടതിനു.

ബി. ഭരണങ്ങാനം.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഒരു കേസ്സു ഗുണമായിത്തീർന്നതിനു

എൻ. ജെ. ചെത്തിപ്പുഴ.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ "മഠത്തിൽ ചേരാൻ സാധിച്ചതിനു

ഈ. ജെ. പാവർട്ടി.

കഴിഞ്ഞ ആറുവഷമായി പല ചികിത്സകൾ നടത്തിയിട്ടും സുഖമാകാതിരുന്ന ഒരു സുഖക്കേടു വി. അന്തോനീസിനോടുള്ള അപേക്ഷയാൽ സുഖമായതിനു.

ഏ. ജെ. പച്ചേക്ക് സിലോൺ.

വി. കമ്മലമാതാവിന്റെയും വി. അന്തോനീസിന്റെയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ എന്റെ വയറുവേദന സുഖമായതിനുപകാരസ്മരണ.

കെ. വി. ജെ. മൂവാററുപുഴ.

ഈശോയുടെ തിരുഹൃദയം എടന്ന അനുഗ്രഹിക്കുന്നതിനു നന്ദിയുള്ള സ്തോത്രം ചെയ്തുകൊള്ളുന്നു. പി. ററി. എൽ. ചങ്ങനാശ്ശേരി.

ഈശോയുടെ തിരുഹൃദയത്തിന്റെയും പരിശുദ്ധ ദൈവജനനിയുടേയും വി. കൊച്ചുത്രേസ്യായുടേയും സഹായത്താൽ നിരവധി നന്മകൾ ലഭിച്ചതിനും പ്രത്യേകിച്ചു ഇക്കഴിഞ്ഞ ബി. ഏ. പരീക്ഷയിൽ വിജയം സിദ്ധിച്ചതിനും. എം. പി. തൃശ്ശൂർ.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ലഭിച്ച മനോഗുണത്തിനു ഉപകാരസ്മരണ

പെരുമാനൂർ ചക്കാലക്കൽ ഏലിക്കുട്ടി.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഒരു കേസ്സു ഗുണമായിതീർന്നാൽ വിവരം കുസുമത്തിൽ പ്രസിദ്ധപ്പെടുത്താമെന്നു നേർന്നിരുന്നതനുസരിച്ചു ഗുണം കിട്ടിയതിന്.

സി. സി. ഡി. അതിരമ്പുഴ.

അനുഗ്രഹക്കൊന്ത നമസ്കാരം മൂലം ഒരസാദ്ധ്യ കാര്യം സാധിച്ചതിനു.

സി. ഏ. ഭരണങ്ങാനം.

വി. സെലീനായുടെ മദ്ധ്യസ്ഥതമൂലം ഒരപകടരോഗം സുഖമായതിനു.

സി. ഏ. ഭരണങ്ങാനം.

വി. സെലീനായുടെ മാദ്ധ്യസ്ഥം മൂലം ഉദ്ദിഷ്ടകാര്യം സാധിച്ചതിനു.

സി. ഏ. ഭരണങ്ങാനം.

എന്റെ ഭാര്യയുടെ സുഖക്കേടു വി. കൊച്ചുത്രേസ്യായുടെസഹായത്താൽ സുഖമായതിനു

സി. ജെ. മുഹമ്മ.

മാർ യൌസേപ്പുപുണ്യവാന്റെ മാദ്ധ്യസ്ഥത്താൽ ഒരു കാര്യം സാധിച്ചതിനു.

പാറശ്ശേരിൽ തൊമ്മൻ ആഗസ്തി മണിയങ്കുന്നു.

---

# ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

മററക്കര ഇടവക വടക്കേടത്തു കുന്നംപുറത്തു ഉലഹന്നൻ സെപ്ററംബർ 7-ാംനു- 52 വയസ്സ്.

പായിപ്പാട്ടു ഇടവക വെട്ടികാട്ടു വടക്കേക്കുററു തോമ്മാ ഏലി സെപ്ററംബർ 14-ാം നു- 55 വയസ്സ്.

ഒല്ലൂർ ഇടവക പനക്കററിച്ചിറ ചേച്ചേരിൽ അന്തോനി ഇട്ട്യേച്ചൻ 29 വയസ്സ്.

മററക്കര ഇടവക പന്നുരു ഔസേപ്പു ഔസേപ്പ് സെപ്ററംബർ 25-ാം തീയതി 22 വയസ്സ്.

പെരുങ്ങുഴ ഇടവക കുന്നപ്പള്ളിൽ അന്നമ്മ ഒക്ടോബർ 1-ാം നു- 64 വയസ്സ്.

മററക്കര ഇടവക വടക്കേടത്തു കുന്നംപുറത്തു അന്നമ്മ സെപ്ററംബർ 15-ാം തീയതി 72 വയസ്സ്

തൃശ്ശിനാപ്പള്ളി ലേംക്കോസ്റ്റിം കൺട്രാക്ടർ മി. ജോസഫ് ഫർനാണ്ടസിന്റെ മാതാവ് ആലപ്പുഴെ ചെങ്ങളംകാട്ടു മേരി പ്രണാണ്ടസ് 75 വയസ്സ്.

വരാപ്പുഴ ഇടവക കാട്ടാമ്പള്ളിൽ മറിയാമ്മ ജൂൺ 6-ാം തീയതി 24 വയസ്സു ടി. ത്രേസ്യാമ്മ ആഗസ്ററു 21-ാം തീയതി 16 വയസ്സു.

എപ്പകത്തി ൨൫.
പുസ്തകം ൧൦൩൪

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം . ൭

## ൧൯൨൭ നവംബർ — ൧൧൦൩ തുലാം — വൃശ്ചികം.

1 15 ചൊ ☩ സകല ശ്ലു. ന. കു. പെ. (പ്ലാശനാൽ വി. ത്രേ. ദശനതി.) വെ
2 16 ബു സകല മരിച്ചവരുടെ ഓർമ്മ. ന. ആ. കു. സകല മരി. കറു
3 17 വ്യാ ✻ സകല ശ്ലു. ൩ം. ന. ആ. കു. വെ. വെ
4 18 വെ ✻ അ. മൗ. കാർല്ലോസു ന. ആ. കു. വെ. വെ
5 19 ശ ✻ യോഹ. മാംദാ. പിതാ. സ്സറിയാ ന. ആ. കു. വെ. വെ
6 20 ഞാ ☩ പന്തക്കുസ്താ ൨൨-ാം ന. കു. ആ. ൭ ൨൨ പ
7 21 തി ✻ സകല ശ്ലു. ൫ം. ന. ആ. കു. വെ. വെ
8 22 ചൊ സകല ശ്ലു. എട്ടാം. ന. ആ. കു. വെ. വെ
9 23 ബു ദിവ്യ രക്ഷകന്റെ പള്ളി കൂദാശ ന. ആ. കു. വെ. വെ
ഭരണങ്ങാനം കർമ്മലമാതാവിൻ ദശനത്തിരുനാൾ.
10 24 വ്യാ വേ. ത്രുപ്പോസും കൂട്ട. ന. ആ. കു. വെ. ച്ച
✻ മർ അന്ത്രയോസു അവെല്ലി ന. ആ. കു. വെ. വെ
11 25 വെ അ. മൗ. മത്തിനോസു ന ആ. കു. വെ. വെ
12 26 ശ പാ. വേ. മത്തീനോസു ന. ആ. കു. വെ. ച്ച
13 27 ഞാ ☩ പന്തക്കുസ്താ ൨൩-ാം ന. കു. ആ. ൭ ൨ ൧ ൭ പ
✻ ക. മാതാവിന്റെ മദ്ധ്യസ്ഥം ന. ആ. കു. വെ. ✻ ൨ ൭ (✻൭) വെ
14 28 തി ✻ രാജ്ഞിയായ മർഗ്ഗരീത്താ ജ്ഞൺ ൧൦ ന. ആ. കു. വെ. വെ
15 29 ചൊ ക. ജൽത്രുദ. ന. ആ. കു. വെ. വെ
16 30 ബു ബെന്ന്യാ ശ്ലീഹാ ജ്ഞൺ ൧൧ ന. ആ. കു. വെ. ച്ച
17 1 വ്യാ അ. മൗ അത്ഭുത ഗ്രിഗോരി ന. ആ. കു. വെ. വെ
18 2 വെ ശ്ലീ. പത്രോ. പൗലോ. പള്ളികൂദാശ ന. ആ. കു. വെ. വെ
19 3 ശ പാ. വേ. പൊന്തിയാനോ ന. ആ. കു. വെ. ച്ച
✻ വിധ. ഏലീശബാ ന. ആ. കു. വെ. വെ
20 4 ഞാ ☩ പന്തക്കുസ്താ ൨൪-ാം ന. കു. ആ. ൭ ൨ ൨ ൨ പ
21 5 തി ക. മാതാവിന്റെ കാഴ്ചവെപ്പ് ന. ആ. കു. വെ. വെ
ആരക്കുഴ, കാഞ്ഞിരപ്പള്ളി ദശനം.
22 6 ചൊ ക. വേ. കിക്കിലിയാ ന. ആ. കു. വെ. ച്ച
23 7 ബു പാ. വേ. ക്ലേമ്മീസു ന. ആ. കു. വെ. ച്ച
24 8 വ്യാ വേ. ക്രിസോഗോനോസു ന ആ. കു. വെ. ച്ച
✻ കുരിശിന്റെ യോഹന്നാൻ ന. ആ. കു. വെ. വെ
൨൪, ൨൫, ൨൬ മുത്തോലി ആശ്രമദേവാലയത്തിൽ നാല്പതുമണി.
25 9 വെ ക. വേ. കത്രീനാ ന. ആ. കു. വെ. ച്ച
26 10 ശ അ. വേ. പത്രോസ് അലെക്ക്സ് ന. ആ. കു. വെ. ച്ച
✻ മൗ. ലെയോനാർദോസു ന. ആ. കു. വെ. വെ
27 11 ഞാ ☩ ആഗമനം ൧-ാം ന. കു. ആ. ൨ ൭ ൨ ൦ ൭ ൭ ൨ ൭ റോ
മുത്തോലി വി. യോഹന്നാൻ ക്രൂസ് തി.
☞ അടുത്ത ചൊവ്വാ ഇ. വി. ൨-ാംനു- ആദ്യ വെള്ളി.
28 12 തി വേ. ബസീലിനീസും കൂട്ട. ജ്ഞൺ ൧൨ ന. ആ. കു. വെ. ച്ച
✻ മൗ. യോഹന്നാൻ ടി. ടി. ന. ആ. കു. വെ. വെ.
29 13 ചൊ ശ്ലീ. അന്ത്രയോസു തലേ ന. ആ. കു. തലേ. ഇ. വി. റോ.
30 14 ബു (☩) ശ്ലീ. അന്ത്രയോസു ന. കു. വെ. (ഇന്നുപാതിരാ ൨൫നോ.) ച്ച.
പിറവിത്തിരുനാളിനുമുമ്പ് പ്രതിദിനം ൪൦ നന്മ. ചൊല്ലിവരുന്ന ഭക്ത കൃത്യം ഇന്ന് ആരംഭിക്കുന്നു.

Printed and Published for the Proprietor by P. K. Joseph, at the
St. Joseph's Press, Mannanam. 1927.